# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചേളന്നൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA/KKD/P3-1204/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 23/07/2022
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചേളന്നൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചേളന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചേളന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA/KKD/P3-1204/2022 തീയ്യതി: 23/07/2022

## കോഴിക്കോട് ജില്ലയിലെ ചേളന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ ചേളന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 26 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ എം. വാസുദേവൻ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേഡ് ) | 21-06-2022 | 29-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 21-06-2022 | 29-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.ശ്രീജ തെക്കൻ, ഓഡിറ്റ് ഓഫീസർ
ശ്രീ.എം.കരുണാകരൻ, ഓഡിറ്റ് ഓഫീസർ
ശ്രീ. സതീഷ് കുമാർ. സി.പി,അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി.ദിശ ആർ.കെ, അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി.റെൻസി.ഇ, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. നൌഷീർ. പി.പി | പ്രസിഡന്റ് | 01-04-2020 | 31-03-2021 |
| ശ്രീ. ഷാജി. എസ് | സെക്രട്ടറി | 01-04-2020 | 22-06-2020 |
| ശ്രീ. ജോയ് കുമാർ. വി | സെക്രട്ടറി | 23-06-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. ഗംഗാഭായ്.കെ.ടി | അസി. സെക്രട്ടറി | 01-04-2020 | 30-09-2020 |
| ശ്രീമതി. സിന്ധു. വി.ആർ | അസി. സെക്രട്ടറി | 01-10-2020 | 31-03-2021 |
| ഡോ. നിത്യ കെ എസ് | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2020 | 31-03-2021 |
| ഡോ.ഭാഗ്യശ്രീ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2020 | 31-03-2021 |
| ഡോ. മുഹമ്മദ് മുസ്തഫ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2020 | 31-03-2021 |
| ശ്രീ. ദിലീപ് കുമാർ. ടി | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി. സ്മിതമോൾ. സി | വെറ്റിനറി സർജൻ | 01-04-2020 | 20-10-2020 |
| ശ്രീ. വിനീഷ് | വെറ്റിനറി സർജൻ | 21-10-2020 | 31-03-2021 |
| ശ്രീമതി. ദീപ്തി.ഇ.കെ | അസി. എഞ്ചിനിയർ | 01-04-2020 | 31-03-2021 |
| ശ്രീമതി. ബിന്ദു.എൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| ശ്രീമതി. ബീന.ടി | വി.ഇ.ഒ | 01-04-2020 | 02-11-2020 |
| ശ്രീ. ശശി. സി | വി.ഇ.ഒ | 03-11-2020 | 31-03-2021 |
| ശ്രീമതി. സബീന | വി.ഇ.ഒ | 01-04-2020 | 31-03-2021 |
| ശ്രീമതി. സുധർമ്മ എൻ | എച്ച്.എം (എൽ.പി സ്കൂൾ) | 01-04-2020 | 31-03-2021 |
| ശ്രീമതി. റസിയ.കെ.എം | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2020 | 31-03-2021 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: M.Karunakaran (Audit Officer, On 29-06-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 23-07-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: SathishKumar C P (Asst. Audit Officer, On 30-06-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 23-07-2022) | 1-2 |
| 3 | വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ<br>Written By: SathishKumar C P (Asst. Audit Officer, On 30-06-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 23-07-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: RENSY. E (Auditor, On 01-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 23-07-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: SathishKumar C P (Asst. Audit Officer, On 01-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 23-07-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: M.Karunakaran (Audit Officer, On 29-06-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 23-07-2022) | 1-5 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: RENSY. E (Auditor, On 28-06-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 23-07-2022) | 1-6 |
| 8 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: RENSY. E (Auditor, On 28-06-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 23-07-2022) | 1-7 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Sreeja Thekkan (Audit Officer, On 29-06-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 23-07-2022) | 1-8 |
| 10 | മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി<br>Written By: M.Karunakaran (Audit Officer, On 29-06-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 23-07-2022) | 1-9 |
| 11 | തൊഴിൽ നികുതി അപാകതകൾ<br>Written By: RENSY. E (Auditor, On 28-06-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 23-07-2022) | 1-10 |
| 12 | ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു<br>Written By: RENSY. E (Auditor, On 28-06-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 23-07-2022) | 1-11 |
| 13 | ടെണ്ടർ ഫോറം ഫീ പിരിച്ചതിലെ അപാകതകൾ<br>Written By: RENSY. E (Auditor, On 28-06-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 23-07-2022) | 1-12 |
| 14 | എസ്.സി. വിഭാഗത്തിന് കുടിവെള്ള ടാങ്ക് വാങ്ങി നൽകൽ - സബ്സിഡിയിനത്തിൽ അധിക തുക ചെലവഴിച്ചു.<br>Written By: Sreeja Thekkan (Audit Officer, On 29-06-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 23-07-2022) | 1-13 |
| 15 | പി.എച്ച്.സി .കണ്ടിജന്റ് ചെലവുകൾ- പ്രൊജക്ട് പ്രകാരം കണ്ടിജന്റ് ചെലവുകൾക്ക് ആവശ്യത്തിൽ കൂടുതൽ തുക പിൻവലിച്ചു.<br>Written By: M.Karunakaran (Audit Officer, On 29-06-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 23-07-2022) | 1-14 |
| 16 | പ്രവൃത്തി പൂർത്തീകരിക്കാൻ കാലതാമസം - പിഴ ഈടാക്കിയില്ല<br>Written By: Disha R.K (Asst. Audit Officer, On 28-06-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 23-07-2022) | 1-15 |

| | | |
|---|---|---|
| 17 | കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗവിവരം ലഭ്യമല്ല<br>Written By: Sreeja Thekkan (Audit Officer, On 29-06-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 23-07-2022) | 1-16 |
| 18 | സർക്കാർ മാർഗ നിർദ്ദേശത്തിന് വിരുദ്ധമായി സാക്ഷരതാ പ്രവർത്തനങ്ങൾക്ക് തുക ചെലവഴിച്ചു.<br>Written By: M.Karunakaran (Audit Officer, On 29-06-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 23-07-2022) | 1-17 |
| 19 | സ്പെഷ്യൽ സ്കൂൾ മാതൃസമിതിക്ക് കരകൗശല നിർമ്മാണ പരിശീലനം - മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതി നടപ്പിലാക്കി - പ്രോജക്ട് ലക്ഷ്യം കണ്ടില്ല.<br>Written By: Sreeja Thekkan (Audit Officer, On 29-06-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 23-07-2022) | 1-18 |
| 20 | പെൻഷൻ അപേക്ഷകളിൽ തീരുമാനമെടുക്കുന്നതിൽ കാലതാമസം നിലവിലും തുടരുന്നു.<br>Written By: Sreeja Thekkan (Audit Officer, On 29-06-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 23-07-2022) | 1-19 |
| 21 | ഹെഡ്മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രോജക്ടുകൾ നടപ്പിലാക്കിയില്ല<br>Written By: Sreeja Thekkan (Audit Officer, On 29-06-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 23-07-2022) | 1-20 |
| 22 | നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി - മുഴുവൻ കർഷകർക്കും ധനസഹായം ഉറപ്പാക്കിയില്ല.<br>Written By: Sreeja Thekkan (Audit Officer, On 29-06-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 23-07-2022) | 1-21 |
| 23 | ധനകാര്യ കമ്മീഷൻ ഗ്രാന്റിനത്തിൽ ലഭ്യമായ തുകയിൽ 72ലക്ഷത്തിൽ പരംരൂപ പ്രൊജക്ടുകൾ പോലും ആവിഷ്കരിക്കാതെ നഷ്ടമായി.<br>Written By: M.Karunakaran (Audit Officer, On 29-06-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 23-07-2022) | 1-22 |
| 24 | അടിസ്ഥാന ആവശ്യങ്ങൾ നിർവഹിക്കപ്പെടാതെ അഗതിരഹിത കേരളം പ്രൊജക്ട്<br>Written By: M.Karunakaran (Audit Officer, On 29-06-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 23-07-2022) | 1-23 |
| 25 | പൂരക പോഷകാഹാരം,ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ്- പ്രൊജക്ടുകൾക്ക് ആവശ്യമായ വിഹിതം വകയിരുത്തിയില്ല ,ലഭ്യമായ വിഹിതം മുഴുവൻ വിനിയോഗിച്ചില്ല.<br>Written By: M.Karunakaran (Audit Officer, On 29-06-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 23-07-2022) | 1-24 |
| 26 | സ്പിൽ ഓവർ പദ്ധതികൾ നടപ്പിലാവുന്നില്ല<br>Written By: Disha R.K (Asst. Audit Officer, On 28-06-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 23-07-2022) | 1-25 |
| 27 | പൊതുമരാമത്ത് പ്രവൃത്തികൾ -പൊതുഅപാകതകൾ<br>Written By: Disha R.K (Asst. Audit Officer, On 28-06-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 23-07-2022) | 1-26 |
| 28 | എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലെ അപാകതകൾ<br>Written By: Disha R.K (Asst. Audit Officer, On 28-06-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 23-07-2022) | 1-27 |
| 29 | ടെണ്ടർ ഫീ ഇനത്തിലുള്ള വരവ് പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടിയില്ല<br>Written By: Disha R.K (Asst. Audit Officer, On 28-06-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 23-07-2022) | 1-28 |
| 30 | ശുചിത്വം, മാലിന്യ സംസ്കരണ മേഖലയിൽ പ്രൊജക്ടുകൾ ആവിഷ്കരിച്ചുനടപ്പിലാക്കുന്നില്ല. വൻതുക ചെലവഴിക്കാതെ പഞ്ചായത്ത് | 1-29 |

| | | |
|---|---|---|
| | ഫണ്ടിൽ അവശേഷിക്കുന്നു.<br>Written By: M.Karunakaran (Audit Officer, On 29-06-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 23-07-2022) | |
| 31 | പദ്ധതി നിർവഹണം,മോണിട്ടറിംഗ് - ആവശ്യമായ തുക വകയിരുത്താത്തതിനാൽ പദ്ധതി ആസൂത്രണ നിർവഹണ ചെലവുകൾക്ക് തുക ചെലവഴിക്കാൻ കഴിഞ്ഞില്ല.<br>Written By: M.Karunakaran (Audit Officer, On 29-06-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 23-07-2022) | 1-30 |
| 32 | സ്പെഷൽ സ്കൂൾ പ്രവർത്തകർക്ക് ഹൊണറേറിയം- ടീച്ചർ , ആയ എന്നിവർക്ക് അർഹമായ വേതനം അനുവദിക്കുന്നില്ല.<br>Written By: M.Karunakaran (Audit Officer, On 29-06-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 23-07-2022) | 1-31 |
| 33 | വീട് വാസയോഗ്യമാക്കൽ - ഗുണഭോക്താക്കൾക്ക് അർഹമായ ആനുകൂല്യം ലഭ്യമാക്കിയില്ല.<br>Written By: M.Karunakaran (Audit Officer, On 29-06-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 23-07-2022) | 1-32 |
| 34 | ജില്ലാ/ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനത്തിൽ മുൻ വർഷങ്ങളിൽ ലഭിച്ചതുംചെലവഴിക്കാതെ അവശേഷിക്കുന്നതുമായ തുക തിരിച്ചടവാക്കുന്നില്ല .<br>Written By: M.Karunakaran (Audit Officer, On 29-06-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 23-07-2022) | 1-33 |
| 35 | കുടിവെള്ളപദ്ധതികൾ നിഷ്ക്രിയ ആസ്തിയായി തുടരുന്നു<br>Written By: Disha R.K (Asst. Audit Officer, On 28-06-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 23-07-2022) | 1-34 |
| 36 | വനിതാ ഘടകപദ്ധതി - പദ്ധതികൾ രൂപീകരിച്ചതിൽ അപാകത<br>Written By: Sreeja Thekkan (Audit Officer, On 29-06-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 23-07-2022) | 1-35 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | എസ്.സി. വിഭാഗത്തിന് കുടിവെള്ള ടാങ്ക് വാങ്ങി നൽകൽ - സബ് സിഡിയിനത്തിൽ അധിക തുക ചെലവഴിച്ചു.<br>Written By: Sreeja Thekkan (Audit Officer, On 29-06-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 23-07-2022) | 3-1 |
| 2 | പ്രവൃത്തി പൂർത്തീകരിക്കാൻ കാലതാമസം - പിഴ ഈടാക്കിയില്ല<br>Written By: Disha R.K (Asst. Audit Officer, On 29-06-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 23-07-2022) | 3-2 |
| 3 | പി.എച്ച്.സി .കണ്ടിജന്റ് ചെലവുകൾ- പ്രൊജക്ട് പ്രകാരം കണ്ടിജന്റ് ചെലവുകൾക്ക് ആവശ്യത്തിൽ കൂടുതൽ തുക പിൻവലിച്ചു.<br>Written By: M.Karunakaran (Audit Officer, On 29-06-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 23-07-2022) | 3-3 |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: RENSY. E (Auditor, On 21-06-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 23-07-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: RENSY. E (Auditor, On 21-06-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 23-07-2022) | 4-2 |

| | | |
|---|---|---|
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ<br>Written By: RENSY. E (Auditor, On 21-06-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 23-07-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: RENSY. E (Auditor, On 21-06-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 23-07-2022) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: RENSY. E (Auditor, On 21-06-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 23-07-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: RENSY. E (Auditor, On 21-06-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 23-07-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: RENSY. E (Auditor, On 21-06-2022)<br>Last Updated By: RENSY. E (Auditor, On 29-06-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: RENSY. E (Auditor, On 21-06-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 23-07-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: RENSY. E (Auditor, On 21-06-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 23-07-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: RENSY. E (Auditor, On 21-06-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 23-07-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: RENSY. E (Auditor, On 21-06-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 23-07-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

ഓഡിറ്റ് വർഷത്തെ ഗ്രാമപഞ്ചായത്തിന്റെ ബജറ്റ് 27.3.20 ൽ കൂടിയ ഭരണസമിതിയുടെ അജണ്ട B1 തീരുമാനം 1/1 നമ്പർ പ്രകാരം അംഗീകരിച്ചിട്ടുണ്ട്. വരവ് ചെലവുകളെ സംബന്ധിച്ച് ബജറ്റിൽ കാണിച്ചിട്ടുള്ള എസ്റ്റിമേറ്റിൽ മാറ്റം വരുത്തേണ്ടത് അനിവാര്യമാണെങ്കിൽ പുതുക്കിയ ബജറ്റ് സ്റ്റാന്റിംഗ് കമ്മറ്റി തയ്യാറാക്കി പഞ്ചായത്ത് മുമ്പാകെ സമർപ്പിച്ച് അംഗീകാരം വാങ്ങേണ്ടതാണ്. എന്നാൽ സാമ്പത്തിക വർഷം പഞ്ചായത്ത് ബജറ്റ് പുതുക്കി ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി 22-2.21ലെ 1/1 തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ടെങ്കിലും ആയത് ഭരണസമിതി അംഗീകരിച്ചതായി കാണുന്നില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ്നിയമം 214ാം വകുപ്പ് പ്രകാരം സർക്കാർ അതത് സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി 175-ാം വകുപ്പ് പ്രകാരമുള്ള വികസന പദ്ധതി ചെലവുൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാവാനിടയുള്ള വരവുചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനുവരി 15ന് മുമ്പ് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾ സെക്രട്ടറിയും അതത് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ച് തയ്യാറാക്കി ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് സമർപ്പിക്കണം. സ്റ്റാന്റിംഗ് കമ്മറ്റികൾ ബജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കി സമർപ്പിച്ചതായി സ്റ്റാന്റിംഗ് കമ്മറ്റികളുടെ മിനുട്സിൽ രേഖപ്പെടുത്തിക്കാണുന്നില്ല. നിർവഹണ ഉദ്യോഗസ്ഥർ സമർപ്പിച്ച ബജറ്റ് പ്രപ്പോസലിൽ നോൺ പ്ലാൻ ചെലവുകൾ മാത്രമെ ഉൾപ്പെട്ടിട്ടുള്ളു.

ഭരണസമിതി അംഗീകരിച്ചു നൽകിയ ബജറ്റ് പരിശോധിച്ചതിൽ ആയത് പ്രകാരമുള്ള വരവ് ചെലവ് യഥാർത്ഥ വരവ് ചെലവുമായി വൻ അന്തരം കാണുന്നു. ബജറ്റ് പ്രകാരം മുന്നിരിപ്പ് 7520917/- രൂപയും തൻവർഷ വരവ് 200720500/- രൂപയും ഉൾപ്പെടെ ആകെ വരവ് 208241417/- രൂപയും തൻവർഷത്തെ പ്രതീക്ഷിത ചെലവ് 204648500/- രൂപയും നീക്കിയിരിപ്പ് 3592917/- രൂപയുമാണ്. എന്നാൽ തൻവർഷത്തെ യഥാർത്ഥ വരവ് മുന്നിരിപ്പുൾപ്പെടെ 114994822/- രൂപയും തൻവർഷത്തെ യഥാർത്ഥ ചെലവ് 94730366/- രൂപയുമാണ്. ബജറ്റ് തയ്യാറാക്കുമ്പോൾ ആയത് യാഥാർത്ഥ്യ ബോധത്തോടെ തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതും ബജറ്റ് എസ്റ്റിമേറ്റിൽ മാറ്റം വരുന്ന പക്ഷം പുതുക്കിയ ബജറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങേണ്ടതുമാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

പഞ്ചായത്തിന്റെ ILGMS ൽ തയ്യാറാക്കിയ വാർഷിക ധനകാര്യ പത്രിക 24-09-2021 ന് ഓഡിറ്റിന് സമർപ്പിച്ചിട്ടുണ്ട്. കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് പ്രകാരം 31-07-2021 ന് മുമ്പായി സമർപ്പിക്കേണ്ടതായിരുന്നു.

### 1-2-1 വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ

2020-21 വർഷത്തെ വാർഷിക കണക്ക്, അനുബന്ധ രജിസ്റ്ററുകൾ, സാംഖ്യ ILGMS റിപ്പോർട്ടുകൾ എന്നിവ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരം വാർഷിക കണക്കുകൾക്കൊപ്പം ഉൾപ്പെടുത്തേണ്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

2. Sale Of Tender Forms ഇനത്തിൽ (RP-5) തൻവർഷം 370848/- രൂപ വരവ് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

3. മിസലേനിയസ് ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഇത് കാരണം RP-4 ൽ പെർമിറ്റ് ഫീ, ക്രമവത്കരണ ഫീ, ലൈസൻസ് ഫീ എന്നിവ ഒഴികെയുള്ളവയുടെ വിവരങ്ങൾ പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

4. പ്രതിമാസ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല

5. ബാലൻസ്ഷീറ്റിലെ ബി-14 ഷെഡ്യൂളുമായി താരതമ്യം ചെയ്യത്തക്ക രീതിയിൽ സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

6. തൻവർഷ കുടിശ്ശിക തുകകൾക്കുള്ള പ്രൊവിഷൻ കണക്കാക്കിയതിന്റെ വർക്ക് ഷീറ്റ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല

7. ബി -11 എ ഷെഡ്യൂൾ പ്രകാരം ആസ്തികൾക്ക് ഡിപ്രീസിയേഷൻ കണക്കാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

8. ഡിമാന്റ് രജിസ്റ്റർ പ്രകാരം ജീവനക്കാരുടെ തൊഴിൽനികുതി 1,593,290/- രൂപയാണ് എന്നാൽ വാർഷിക കണക്കിലെ I-1 പ്രകാരം 11,524,981/- രൂപയാണ്. വാർഷിക കണക്കും, ഡിമാന്റ് രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല.

9. ഡേ ബുക്ക്, കാഷ് ബുക്ക് എന്നിവ പല ദിവസങ്ങളിലും സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.

10. ഡിമാന്റ് രജിസ്റ്റർ പ്രകാരം വസ്തുനികുതി (ഗാർഹികം) 2,261,168/- രൂപയാണ് വരവ്. എന്നാൽ വാർഷിക കണക്കിലെ RP 45 പ്രകാരം 2,235,405/- രൂപയാണ്. വാർഷിക കണക്കും, ഡിമാന്റ് രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല.

11. ഡിമാന്റ് രജിസ്റ്റർ പ്രകാരം വസ്തുനികുതി (വാണിജ്യ കെട്ടിടം) 1,691,101/- രൂപയാണ് വരവ്. എന്നാൽ വാർഷിക കണക്കിലെ RP 45 പ്രകാരം 1,680,428/- രൂപയാണ്. വാർഷിക കണക്കും, ഡിമാന്റ് രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല.

12. റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം SBT കക്കോടി ശാഖയിൽ (A/c No.67390212194) 866,558/-രൂപയാണ് നീക്കിയിരിപ്പ്. വാർഷിക കണക്കിൽ 867,213/-രൂപ നീക്കിയിരിപ്പ് കാണിച്ചിട്ടുണ്ട്.

13. റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം കനറാ ബാങ്ക്, ചേളന്നൂർ ശാഖയിൽ (A/c No.1909101023988) 12,283,077/-രൂപയാണ് നീക്കിയിരിപ്പ്. വാർഷിക കണക്കിൽ 12,285,428/-രൂപ നീക്കിയിരിപ്പ് കാണിച്ചിട്ടുണ്ട്.

14. കനറാ ബാങ്ക് (A/c No.1909201000083), ചേളന്നൂർ സർവ്വീസ് സഹകരണ ബാങ്ക് (A/c No.3521),ട്രഷറി VPF1-2(1) എന്നീ അക്കൗണ്ടുകളുടെ സ്റ്റേറ്റ്മെന്റുകൾ ലഭ്യമാക്കിയിട്ടില്ല.

ILGMS സംബന്ധിച്ച അപാകതകൾ

ILGMS നടപ്പിലാക്കിയ 28-09-2020 ലെ സാംഖ്യയിലെ ക്ലോസിംഗ് ബാലൻസ് തുകയും ILGMS ലെ ഓപ്പണിംഗ് ബാലൻസ് തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ബാലൻസ് ഷീറ്റ്, റസീപ്റ്റ് & പേമെന്റ്, ഇൻകം & എക്സ്പൻഡീച്ചർ സ്റ്റേറ്റുമെന്റുകളിലെ വ്യത്യാസം താഴെ കൊടുക്കുന്നു.

1)ബാലൻസ് ഷീറ്റ്

| | സാംഖ്യ | ILGMS |
|---|---|---|
| Total Liabilities | 166,397,893 | 165,171,484 |
| Total Asset | 166,397,893 | 165,171,484 |

2) റസീപ്റ്റ് & പേമെന്റ്

| | സാംഖ്യ | ILGMS |
|---|---|---|
| മുൻബാക്കി | 16,918,980 | 16,918,980 |
| റസീപ്റ്റ് | 34,209,857 | 34,272,102 |
| ആകെ | 51,128,837 | 51,191,082 |

| | | |
|---|---|---|
| പേയ്മെന്റ് | 29,519,552 | 29,532,992 |
| നീക്കിയിരിപ്പ് | 21,609,285 | 21,658,090 |

3) ഇൻകം & എക്സ്പൻഡീച്ചർ

| | സാംഖ്യ | ILGMS |
|---|---|---|
| Total Income | 30,461,412 | 30,508,628 |
| Total Expenditure | 20,697,227 | 22,391,523 |
| Gross Surplus/deficit Of Income Over Expenditure | 9,764,185 | 8,117,105 |

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 16918980 |
| ഓഡിറ്റ് വർഷത്തെ വരവ് | 97959775 |
| ആകെ | 114878755 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 94614299 |
| നീക്കിയിരിപ്പ് | 20264456 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | - | 22,416,505 | 22,416,505 | 17,496,618 | 4,919,887 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | - | 10,199,765 | 10,199,765 | 96,20,799 | 878,966 |
| മെയിന്റനൻസ്,റോഡ് (ACR പ്രകാരം) | - | 11,724,000 | 11,724,000 | 11,697,609 | 26,391 |

| | | | | | |
|---|---|---|---|---|---|
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | - | 5,850,224 | 5,850,224 | 5,075,878 | 774,346 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | - | 22,709,2111 | 22,709,2111 | 11,590,7222 | 11,118,489 |

(സമർപ്പിച്ച ഫണ്ട് വിനിയോഗ പത്രിക പ്രകാരമുള്ളത്)

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷത്തിൽ പ്രൊജക്ടുകൾക്ക് അംഗീകാരം ലഭിച്ചതിന്റെയും ആയത് നടപ്പിലാക്കിയതിന്റെയും വിശദവിവരം താഴെക്കൊടുക്കുന്നു.

| അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ | നടപ്പിലാക്കിയ പ്രൊജക്ടുകളുടെ എണ്ണം | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്ത പ്രൊജക്ടുകൾ |
|---|---|---|---|
| 263 | 202 | 13 | 48 |

വിവിധ ഫണ്ടുകൾ വകയിരുത്തി ആകെ 263 പ്രൊജക്ടുകൾക്കാണ് സാമ്പത്തിക വർഷത്തിൽ അംഗീകാരം ലഭിച്ചത്. ആയതിൽ 215 പ്രൊജക്ടുകൾക്ക് സാമ്പത്തിക വർഷത്തിൽ തുക വിനിയോഗിക്കാൻ കഴിഞ്ഞിട്ടുണ്ട്. വിവിധ പ്രൊജക്ടുകൾക്കായി 124951058 രൂപ വകയിരുത്തിയതിൽ 75783569 രൂപ വിനിയോഗിച്ചിട്ടുണ്ട്. യഥാസമയം പ്രൊജക്ടുകൾ പൂർത്തീകരിച്ച് ട്രഷറിയിൽ ബിൽ സമർപ്പിക്കാത്തതിനാൽ ലഭ്യമായ വികസന ഫണ്ട്/മെയിന്റനൻസ് ഗ്രാന്റിനങ്ങളിൽ പഞ്ചായത്തിന് ലഭ്യമായ തുക പൂർണ്ണമായി വിനിയോഗിക്കാൻ കഴിയാതെ 1 കോടി 28 ലക്ഷത്തിൽ പരം രൂപ പഞ്ചായത്ത് ഫണ്ടിൽ നിന്നും ലാപ്സായിട്ടുണ്ട്. ആയതിന്റെ വിശദവിവരം താഴെ ക്കൊടുക്കുന്നു.

| ഫണ്ടിനം | അലോട്ട് മെന്റ് പ്രകാരം ലഭ്യമായ തുക | ചെലവുവന്ന തുക | ലാപ്സായ തുക |
|---|---|---|---|
| വികസന ഫണ്ട് ജനറൽ | 14422279 | 14422279 | 00 |
| വികസന ഫണ്ട് – SCP | 10199765 | 9320799 | 878966 |
| വികസന ഫണ്ട് – T.S.P | 497000 | 272445 | 224555 |
| മെയിന്റെനൻസ് ഗ്രാന്റ് | 11724000 | 11697609 | 26391 |

| | | | |
|---|---|---|---|
| റോഡ് | | | |
| മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 5850224 | 5275878 | 574346 |
| C.F.C. ഗ്രാന്റ് (UnTied) | 15219211 | 10139190 | 5080021 |
| C.F.C. ഗ്രാന്റ് ( Tied) | 7490000 | 1451532 | 6038468 |
| ആകെ - | 65402479 | 52579732 | 12822747 |

സാമ്പത്തിക വർഷത്തിൽ മേൽ ഫണ്ടിനങ്ങളിൽ സർക്കാരിൽ നിന്നും ലഭ്യമായ 65402479 രൂപയിൽ 52579732 രൂപ വിനിയോഗിക്കാൻ മാത്രമെ പഞ്ചായത്തിന് കഴിഞ്ഞിട്ടുള്ളൂ. അവശേഷിക്കുന്ന 12822747 രൂപ ചെലവഴിക്കാതെ പഞ്ചായത്തിന് നഷ്ടമായിട്ടുണ്ട്. വികസനഫണ്ട് ജനറൽ, മെയിന്റനൻസ് ഗ്രാന്റ് റോഡ് ഇനങ്ങളിലൊഴികെ ലഭ്യമായ ഫണ്ടുകൾ പൂർണമായി വിനിയോഗിക്കാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. സി.എഫ്.സി. ഗ്രാന്റിനങ്ങളിൽ ലഭ്യമായ തുകകൾ വിനിയോഗിക്കാൻ കഴിയാത്തതാണ് ഫണ്ട് നഷ്ടത്തിന് പ്രധാന കാരണമായത് . ഈ ഇനത്തിൽ മാത്രം 11118489 രൂപ ചെലവഴിക്കാതെ പഞ്ചായത്തിന് നഷ്ടമായിട്ടുണ്ട്. സുലേഖ പത്രിക പ്രകാരം സാമ്പത്തിക വർഷത്തിൽ ധനകാര്യ കമ്മീഷൻ ഗ്രാന്റിനത്തിൽ 15441420 രൂപയാണ് പ്രൊജക്ടുകൾക്ക് വകയിരുത്തിയിരിക്കുന്നത്. എന്നാൽ ഈ ഇനത്തിൽ എ.സി.ആർ പ്രകാരം പഞ്ചായത്തിൽ 22709211 രൂപ വരവു വന്നിട്ടുണ്ട്. ഇതിൽ നിന്നും 7267791 രൂപക്ക് പ്രൊജക്ടുകൾ ആവിഷ്കരിക്കാൻ പോലും പഞ്ചായത്തിന് കഴിഞ്ഞിട്ടില്ലെന്ന് വ്യക്തമാവുന്നു. വികസന ഫണ്ടിനത്തിൽ ലഭ്യമായ ഫണ്ടിനേക്കാൾ വളരെ കൂടിയ തുക പ്രൊജക്ടുകൾക്ക് വകയിരുത്തിയതിനാൽ ഫണ്ടിന്റെ അഭാവം മൂലം പ്രസ്തുത ഫണ്ടിൽ നിന്നും സാമ്പത്തിക വർഷത്തിലുണ്ടായ ചെലവുകൾ നിർവഹിക്കാൻ കഴിയാത്ത അവസ്ഥ പെയിൻ & പാലിയേറ്റീവ്, ബഡ്സ് സ്കൂൾ പ്രവർത്തക ഹോണറേറിയം, വീട് വാസയോഗ്യമാക്കൽ മുതലായ പ്രൊജക്ടുകൾക്ക് ഉണ്ടായിട്ടുണ്ട്.

നിർവഹണ ഉദ്യോഗസ്ഥരുടെ ചെലവ് വിവരം പ്രത്യേകമായി പരിശോധിച്ചാൽ അസിസ്റ്റന്റ് എഞ്ചിനീയർ, ഹെഡ് മാസ്റ്റർ എന്നിവർ ഒഴികെ എല്ലാ നിർവഹണ ഉദ്യോഗസ്ഥരും തങ്ങൾക്ക് നടപ്പിലാക്കാനുള്ള പ്രൊജക്ടുകൾ ഭൂരിഭാഗവും നടപ്പിലാക്കിയിട്ടുണ്ട്. പ്രൊജക്ടുകളുടെ ആധിക്യം അസിസ്റ്റന്റ് എഞ്ചിനീയറുടെ പ്രൊജക്ട് നിർവഹണത്തെ ബാധിച്ചിട്ടുണ്ടെങ്കിലും സ്പിൽ ഓവർ പ്രൊജക്ടുകൾ ഉൾപ്പെടെ 171 പ്രൊജക്ടുകൾ നടപ്പിലാക്കാനുണ്ടായിരുന്നതിൽ 141 പ്രൊജക്ടുകൾക്കും തുക ചെലവഴിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഹെഡ് മാസ്റ്റർക്ക് 6 പ്രൊജക്ടുകൾ നടപ്പിലാക്കാനുണ്ടായിരുന്നതിൽ ഒരെണ്ണം മാത്രമാണ് നടപ്പിലാക്കിയിരിക്കുന്നത്.

സ.ഉ.എം.എസ്.നമ്പർ 11/2018/ത.സ്വ.ഭ.വ.തി.29.1.18 ഖണ്ഡിക 6.7 ൽ നിഷ്കർഷിച്ച പ്രകാരമുള്ള ആസ്തി സംരക്ഷണ പദ്ധതി (Asset Maintenance Plan) തയ്യാറാക്കിയല്ല റോഡ്, റോഡിതര ആസ്തികളുടെ മെയിന്റനൻസുകൾ നടത്തി വരുന്നത്. അതേപൊലെതന്നെ വനിതാവികസന മേഖലയിൽ നടപ്പിലാക്കിയ പ്രൊജക്ടുകളിൽ ഭൂരിഭാഗവും മേൽ സർക്കാർ ഉത്തരവ് ഖണ്ഡിക 6.3 ൽ നിഷ്കർഷിച്ച പ്രകാരമല്ല തുക വകയിരുത്തി ചെലവഴിച്ചിരിക്കുന്നത്. പഞ്ചായത്ത് തയ്യാറാക്കി വർഷം തോറും പരിഷ്കരിച്ചുവരുന്ന സ്റ്റാറ്റസ് റിപ്പോർട്ടിൽ വിവിധ മേഖലകളുടെ അടിസ്ഥാന വിവരങ്ങൾ പൂർണ്ണമായി രേഖപ്പെടുത്തിയിട്ടില്ല.

വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി മിനുട്സ് പരിശോധിച്ചതിൽ പ്രൊജക്ടുകളുടെ രൂപീകരണം, നിർവഹണം എന്നിവയിൽ ശ്രദ്ധ ചെലുത്തുകയും നിർവഹണ ഉദ്യോഗസ്ഥരുടെ പ്രവർത്തനം അവലോകനം നടത്തുകയും ചെയ്തു വരുന്നുണ്ട്. എന്നാൽ മറ്റ് സ്റ്റാന്റിംഗ് കമ്മറ്റികൾ തങ്ങൾക്ക് കീഴിലുള്ള നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രവർത്തനം സംബന്ധിച്ച് നിരന്തര വിലയിരുത്തൽ നടത്തി കാണുന്നില്ല.

പഞ്ചായത്ത് ഭരണസമിതി യോഗങ്ങളിലും പ്രൊജക്ടുകളുടെ നിർവഹണം സംബന്ധിച്ച വിലയിരുത്തൽ നടത്തി വരുന്നുണ്ടെങ്കിലും നിരന്തര വിലയിരുത്തലിന്റെ അഭാവം പ്രകടമാണ്. പദ്ധതി രൂപീകരണ ശേഷം മോണിട്ടറിംഗ് സമിതിയായി പ്രവർത്തിക്കേണ്ട വർക്കിംഗ് ഗ്രൂപ്പുകൾ ബന്ധപ്പെട്ട മേഖലകളിൽ തങ്ങളെ ഏൽപിച്ച ഉത്തരവാദിത്വം നിറവേറ്റുന്നതിനായി പ്രവർത്തനങ്ങളൊന്നും നടത്തി കാണുന്നില്ലെന്ന് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് മിനുട്സുകൾ പരിശോധിച്ചതിൽ വ്യക്തമാവുന്നു.

## 1-6 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 9003300 | 7248 |
| വിധവാ പെൻഷൻ | 25688000 | 1827 |
| വാർദ്ധക്യകാല പെൻഷൻ | 46672600 | 4115 |
| വികലാംഗ പെൻഷൻ | 6293200 | 455 |
| 50 വയസ്സ കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 420000 | 14 |

## 1-7 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.06.2022 ന് 10.00 മണിക്ക് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 13367/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനം അത്യന്താപേക്ഷിതമാണ്. വിവിധ മേഖലയിലെ പഞ്ചായത്തിന്റെ പ്രവർത്തനം വിലയിരുത്തുമ്പോൾ ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം മെച്ചപ്പെടേണ്ടതുണ്ടെന്ന് കാണുന്നു.

3-2-2017 ലെ 4/2017 നമ്പർ ഓഫീസ് ഉത്തരവ് പ്രകാരം പഞ്ചായത്തിൽ ജീവനക്കാർക്ക് കൃത്യമായി ഉത്തരവാദിത്തങ്ങൾ വിഭജിച്ച് നൽകിയിട്ടുണ്ട്. ILGMS നടപ്പിലാക്കിയതിനു ശേഷം ഓഫീസ് ഉത്തരവ് പുതുക്കിയിട്ടില്ല. പ്രതിമാസം സ്റ്റാഫ് മീറ്റിംഗുകൾ വിളിച്ചു കൂട്ടി ഓഫീസ് പ്രവർത്തനം വിലയിരുത്തുന്ന

കാര്യത്തിൽ സാമ്പത്തിക വർഷം പഞ്ചായത്ത് വേണ്ടത്ര ശ്രദ്ധ ചെലുത്തി കാണുന്നില്ല. 2020-21 ൽ 5 പ്രാവശ്യം മാത്രമെ സ്റ്റാഫ് മീറ്റിംഗ് വിളിച്ച് കൂട്ടിയിട്ടുള്ളു. എല്ലാ പിരിവ് ജീവനക്കാരുടെയും കലക്ഷൻ രജിസ്റ്റർ പരിശോധിച്ച് പിരിച്ചെടുത്ത തുക കൃത്യമായി അടവാക്കുന്ന എന്ന് ഉറപ്പ് വരുത്തുന്നതിൽ മേലുദ്യോഗസ്ഥർ ശ്രദ്ധ പതിപ്പിച്ചിട്ടുണ്ട്. പഞ്ചായത്തിൽ സൂക്ഷിക്കേണ്ട വിവരാവകാശ രജിസ്റ്ററിൽ ആവശ്യമായ വിവരം നൽകിയത് ചില അപേക്ഷകളുടെ കാര്യത്തിൽ രേഖപ്പെടുത്തിയിട്ടില്ല. ഗ്രാമപഞ്ചായത്തിൽ പരാതി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. പരാതികൾ ചർച്ച ചെയ്ത് തീരുമാനം കൈക്കൊള്ളുന്നത് രേഖപ്പെടുത്തിയ പരാതി മിനുട്സ് മാത്രമാണ് സൂക്ഷിക്കുന്നത്. ഫ്രണ്ട് ഓഫീസ് ഡിസ്ട്രിബ്യൂഷൻ രജിസ്റ്റർ പരിശോധിച്ചപ്പോൾ പലപ്പോഴും തപാലുകൾ ബന്ധപ്പെട്ട സെക്ഷനുകൾ കൈപ്പറ്റിയത് രേഖപ്പെടുത്തിയിട്ടില്ലെന്ന് കണ്ടു. വിവിധ ഡി.സി.ബി. രജിസ്റ്ററുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. സ്റ്റോക്ക് രജിസ്റ്ററുകൾ കുറ്റമറ്റ രീതിയിൽ എഴുതി സൂക്ഷിക്കുന്നതിലും വീഴ്ച ഉണ്ടായിട്ടുണ്ട്. പഞ്ചായത്തിലെയും കൈമാറികിട്ടിയ സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ പേരും വിലാസവും രേഖപ്പെടുത്തി സൂക്ഷിക്കേണ്ട ഇൻകൃമ്പൻസി മാസ്റ്റർ രജിസ്റ്റർ പഞ്ചായത്തിൽ എഴുതി സൂക്ഷിച്ചിട്ടില്ല. പ്രൊക്യൂർമെന്റ് കമ്മറ്റി മിനുട്സിൽ തീരുമാനങ്ങൾ മുഴുവനും രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. രജിസ്റ്ററിൽ തീരുമാനങ്ങൾ എഴുതിയത് ക്ലോസ് ചെയ്ത് സാക്ഷ്യപ്പെടുത്തുന്നില്ല. വൗച്ചറുകളുടെ കാര്യത്തിൽ ഭൂരിഭാഗം വൗച്ചറുകളും പ്രസിഡണ്ട് പരിശോധിച്ച് ആധികാരികമാക്കിയിട്ടുണ്ട്. മുൻകാല ഓഡിറ്റ റിപ്പോർട്ടുകൾ തീർപ്പാക്കുന്ന കാര്യത്തിൽ പഞ്ചായത്തിന്റെ ഭാഗത്തു നിന്നും കാര്യമായ നടപടികൾ ഉണ്ടായിട്ടില്ല. 1998-99 മുതൽ 2019-20 വരെ 21 റിപ്പോർട്ടുകളിലായി 256 പരാമർശങ്ങൾ നിലവിൽ പരിഹരിക്കാതെ അവശേഷിക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ വിവിധ വരവിനങ്ങൾ പിരിച്ചെടുക്കുന്നതിലെ പുരോഗതി വിലയിരുത്തേണ്ട ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ഡിമാന്റ് ചെയ്യപ്പെട്ട നികുതി/ നികുതിയേതര വരവുകൾ പിരിച്ചെടുക്കുന്നതിനാവശ്യമായ ഇടപെടലുകൾ നടത്തുന്നുണ്ടെങ്കിലും കേരള പഞ്ചായത്ത് രാജ് നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടി ക്രമങ്ങൾ പാലിച്ച് നികുതി, നികുതിയേതര വരുമാനങ്ങൾ മുഴുവൻ ഡിമാന്റ് ചെയ്യപ്പെടുന്നു എന്ന് ഉറപ്പ് വരുത്തുന്നതിനാവശ്യമായ നടപടികൾ ബന്ധപ്പെട്ട സെക്ഷനുകൾ സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നില്ല. ഇത്തരം നടപടികളുടെ അപര്യാപ്തത മൂലം പഞ്ചായത്തിന് വരുമാനനഷ്ടം ഉണ്ടാകാൻ ഇടയാകുന്നു. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പ്രതിമാസ വരവു ചെലവു കണക്കുകൾ അംഗീകരിക്കുമ്പോൾ കണക്കുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. 2019 സെപ്തംബർ മാസം മുതലുള്ള പ്രതിമാസ വരവു ചെലവു കണക്കുകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ വച്ച് പാസ്സാക്കിയിട്ടില്ല.

ധനമാനേജ്മെന്റിന് അടിസ്ഥാനമായ ബജറ്റ് തയ്യാറാക്കുന്നതിൽ നിയമ പ്രകാരമുള്ള നടപടികൾ പാലിക്കുന്നതിൽ പഞ്ചായത്തിന് വീഴ്ച ഉണ്ടായിട്ടുണ്ട്. സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതു സംബന്ധിച്ച് കൃത്യമായ പ്ലാനും ബജറ്റും പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. ചൂണ്ടിക്കാട്ടിയ അപാകതകൾ പരിഹരിച്ച്, ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-9 മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2020-21 വർഷം വരെ ആകെ 5029 കുടുംബങ്ങൾ തൊഴിൽ കാർഡ് എടുത്തതിൽ സാമ്പത്തിക വർഷം 1790 കുടുബങ്ങളിൽ നിന്നായി 1903 പേർ തൊഴിലിനായി അപേക്ഷിക്കുകയും അത്രയും പേർക്ക് തന്നെ തൊഴിൽ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. 301 പ്രവൃത്തികളിലായി സാമ്പത്തിക വർഷത്തിൽ ആകെ 119347 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെടുകയും തൊഴിലാളികളുടെ കൂലി ഇനത്തിൽ 36083433രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തികൾക്കുള്ള ആകെ ചെലവ് 48562381 രൂപയാണ്. സാമ്പത്തികവർഷത്തിൽ 523കുടുംബങ്ങൾക്ക് മാത്രമാണ് 100 തൊഴിൽ ദിനം ലഭ്യമായിട്ടുള്ളത് എം.എൻ.ആർ.ഇ.ജി.എസ്. ജീവനക്കാരുടെ ശമ്പളം , യാത്രാചെലവ്,

മറ്റ് ചെലവുകൾ ഇനത്തിൽ 1008987 രൂപയും ചെലവഴിക്കപ്പെട്ടിട്ടുണ്ട്. ലഭ്യമാക്കിയ കണക്കുകൾ പ്രകാരം നടപ്പിലാക്കിയ 301 പ്രവൃത്തികളിൽ 33 എണ്ണം മാത്രമാണ് മെറ്റീരിയൽ പ്രവൃത്തികൾ. മെറ്റീരിയൽ പ്രവൃത്തികൾക്ക് മെറ്റീരിയൽ വിലയിനത്തിൽ മൊത്തം 12478948 രൂപ ചെലവഴിക്കപ്പെട്ടിട്ടുണ്ട്.

1-10 തൊഴിൽ നികുതി അപാകതകൾ

വാടകയിലൂടെ വരുമാനമാർജ്ജിക്കുന്ന കെട്ടിട ഉടമകളെ തൊഴിൽനികുതിയുടെ പരിധിയിൽ കൊണ്ടുവരുന്നില്ല.

ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ തൊഴിൽ, വ്യപാരം, വ്യവസായം, മറ്റ് വരുമാന മാർഗ്ഗങ്ങളിൽ ഏർപ്പെടുന്നവർ എന്നിവർ ഉൾപ്പെടെ തൊഴിൽനികുതി ഒടുക്കാൻ ബാധ്യതപ്പെട്ടവർ മുഴുവൻ നികുതി പരിധിക്കുള്ളിൽ വന്നുവെന്ന് സ്ഥാപനം ഉറപ്പു വരുത്തിയിട്ടില്ല. കെട്ടിടങ്ങൾ വാടകയ്ക്ക് നൽകി വരുമാനമുണ്ടാക്കുന്നവരെ തൊഴിൽനികുതി പരിധിയിൽ ഉൾപ്പെടുത്തേണ്ടതാണ്.

1-11 ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ, ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു വർഷവും അവസാനിക്കുന്നതിന് മുപ്പത് ദിവസം മുമ്പായി സമർപ്പിക്കേണ്ടതാണ്. കൂടാതെ, ചട്ടം 8 പ്രകാരം ഏതൊരു ലൈസൻസിന്റേയും കാലാവധി ആ സാമ്പത്തിക വർഷം അവസാനിക്കുന്നതും, അല്ലാത്തപക്ഷം ലൈസൻസിന്റെ കാലാവധി പ്രസിഡന്റ് ഒരു മുൻ തിയ്യതിയിൽ അതിന്റെ കാലാവധി അവസാനിക്കണമെന്ന് പ്രത്യേക കാരണങ്ങളാൽ കരുതുകയാണെങ്കിൽ അതിൽ പ്രത്യേകം പറയാവുന്ന മുൻ തിയ്യതിയിൽ അവസാനിക്കുന്നതുമാകുന്നു.

2020-21 വർഷത്തിൽ ചേലന്നൂർ ഗ്രാമപഞ്ചായത്തിലെ ലൈസൻസ് പുതുക്കുന്നതിനായുള്ള അപേക്ഷകളും രജിസ്റ്ററും പരിശോധിച്ചതിൽ, 543 സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കുന്നതിനും, പുതിയ ലൈസൻസിനുമായി അപേക്ഷിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ നിലവിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ എല്ലാം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ 2020 ഫെബ്രുവരി മാസത്തിൽ തന്നെ നൽകേണ്ടതായിരുന്നു. ഇവയിൽ 291 എണ്ണം മാത്രമാണ് പുതുക്കുന്നതിനുള്ള അപേക്ഷ ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ നൽകിയത്. ബാക്കി സ്ഥാപനങ്ങൾ ഏപ്രിൽ മുതൽ മാർച്ച് വരെയുള്ള മാസങ്ങളിലായാണ് ലൈസൻസ് പുതുക്കിയിട്ടുള്ളത്. സാമ്പത്തിക വർഷം അവസാനിച്ച് പിന്നീട് ലൈസൻസ് പുതുക്കുന്നത് വരെ ഇത്തരം സ്ഥാപനങ്ങൾ നിയമവിരുദ്ധമായാണ് പ്രവർത്തിക്കുന്നത്.

സഞ്ചയയിൽ ലഭ്യമായ കണക്കുകൾ പ്രകാരം 31.03.2021ന് വാണിജ്യാവശ്യങ്ങൾക്കായി നമ്പർ നൽകിയിട്ടുള്ള 2235 കെട്ടിടങ്ങൾ ഉണ്ടായിരിക്കെ 2020-21 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ 543 പേർ മാത്രമാണ് ഡി&ഒ ലൈസൻസ് എടുത്തിട്ടുള്ളത്. നിലവിൽ ധാരാളം പേർ ലൈസൻസ് ഇല്ലാതെ വിവിധ ആവശ്യങ്ങൾക്കായി ഈ കെട്ടിടങ്ങൾ ഉപയോഗിക്കുന്നുണ്ട് എന്ന കാര്യം വ്യക്തമാണ്. പഞ്ചായത്തിന് ലഭ്യമാകേണ്ടിയിരുന്ന വരുമാനം നഷ്ടപ്പെടുന്ന അവസ്ഥയാണ് ഉള്ളത്. ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന ബാക്കി സ്ഥാപനങ്ങളെ വാർഡ് തലത്തിൽ പരിശോധന നടത്തി കണ്ടെത്തി നടപടി സ്വീകരിക്കേണ്ടതാണ്.

1-12 ടെണ്ടർ ഫോറം ഫീ പിരിച്ചതിലെ അപാകതകൾ

രസീതി ബുക്ക് നമ്പർ 6362 പരിശോധിച്ചതിൽ രസീതി നമ്പർ 7, ശ്രീ.അനന്തൻ.കെ, ദൃശ്യ ഇലക്ട്രിക്കൽസ്, പതിനെട്ടാംമറി, കക്കോടി പി.ഒ എന്നിവരിൽ നിന്നും ടെണ്ടർ ഫോറം ഫീ ഇനത്തിൽ 12/08/2021ന് ഈടാക്കിയ 560/- രൂപ പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയത് 03/09/2021 നാണെന്ന് രസീതി, ക്യാഷ് ബുക്ക് എന്നിവ പരിശോധിച്ചതിൽ ബോധ്യപ്പെട്ടു. പഞ്ചായത്തിനു വരവ് വന്ന തുക പഞ്ചായത്ത് ഫണ്ടിൽ അടവാക്കാതെ 21 ദിവസം കൈയ്യിൽ വെച്ചു. കൂടാതെ ടി രസീതി കാർബൺ

പേപ്പർ വയ്ക്കാതെയാണ് എഴുതിയിട്ടുള്ളത്.

രശീതി ബുക്കുകൾ അലക്ഷ്യമായും അശ്രദ്ധമായും കൈകാര്യം ചെയ്തത് മൂലമാണ് ഈ പിഴവ് സംഭവിച്ചിട്ടുള്ളത് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. രശീതികൾ മുഖേനയുള്ള പണം പിരിവ്, ഒടുക്ക് എന്നിവയുടെ കാര്യത്തിൽ കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 7(2), കേരള ട്രഷറി കോഡ് ആർട്ടിക്കിൾ 92, പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ എന്നിവയിലെ വ്യവസ്ഥകൾ പാലിക്കുന്നില്ല. കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 7(2), പ്രകാരം ദിവസേനയുള്ള കളക്ഷൻ തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ ട്രഷറിയിൽ ഒടുക്കേണ്ടതാണ് എന്നിരിക്കെ തുക 21 ദിവസങ്ങൾ ഉദ്യോഗസ്ഥൻ തന്നെ കൈയ്യിൽ വയ്ക്കുകയാണ് ചെയ്തിട്ടുള്ളത്. മേലിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധ ചെലുത്തേണ്ടതാണ്.

1-13 എസ്.സി. വിഭാഗത്തിന് കുടിവെള്ള ടാങ്ക് വാങ്ങി നൽകൽ - സബ്സിഡിയിനത്തിൽ അധിക തുക ചെലവഴിച്ചു.

| | |
|---|---|
| പ്രൊജക്ട് | 6/21 എസ്.സി. വിഭാഗത്തിന് കുടിവെള്ള ടാങ്ക് വാങ്ങി നൽകൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| അടങ്കൽ | 201000(വികസന ഫണ്ട്) + 50250 ( ഗുണഭോക്തൃ വിഹിതം) = 251250 |
| ചെലവ് | 137700+41769= 179469 (വികസന ഫണ്ട്)<br>4350+45900= 50250 (ഗുണഭോക്തൃ വിഹിതം)<br>ആകെ 229719 |
| ബിൽ നമ്പർ/ ചെക്ക് നമ്പർ | 12/17-3-21,14/31-3-21<br>2116857/16-3-21,2116934/31-3-21 |

പ്രോജക്ട് പ്രകാരം എസ്.സി. വിഭാഗത്തിന് കുടിവെള്ള ടാങ്ക് വാങ്ങുന്നതിനായി ടെണ്ടർ ക്ഷണിച്ചത് പ്രകാരം കിസാൻ എക്സൽ പ്രൈവറ്റ് ലിമിറ്റഡ്, കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്നും (9-2-2021ലെ 2/1 ഭരണസമിതി തീരുമാനപ്രകാരം) ഒന്നിന് 3400 രൂപ എന്ന നിരക്കിൽ 500 ലിറ്റർ കപ്പാസിറ്റിയുള്ള 69 ലോട്ടസ് പി.വി.സി വാട്ടർ ടാങ്ക് വാങ്ങി നൽകിയിട്ടുണ്ട്. പ്രോജക്ട് നിർവ്വഹണത്തിൽ കണ്ട

അപാകതകൾ താഴെ കൊടുക്കുന്നു.

1.സ്ഥാപനത്തിൽ നിന്നും ഇൻകം ടാക്സ് ഈടാക്കാതെ വികസഫണ്ടിൽ നിന്നും പിൻവലിച്ച് നൽകിയതിനാൽ സബ്സിഡിയിനത്തിൽ അധിക തുക ചെലവഴിച്ചു.

ടാങ്ക് ഒന്നിന് 3400 രൂപ എന്ന നിരക്കിൽ 69 വാട്ടർ ടാങ്കിന് സ്ഥാപനം നൽകിയ കാഷ് ബില്ലുകൾ പ്രകാരം( ടാക്സ് ഇൻവോയ്സ് നമ്പർ(1)G20-21/5560/ 29-3-21,(2)G20-21/5246/3-3-21) ജി.എസ്.ടി ഉൾപ്പെടെ 234600 രൂപ വിലയുണ്ട്. സ.ഉ (കൈ)നം.22/2018,ത.സ്വ.ഭ.വ തീയ്യതി:14-2-2018 സബ്സിഡി മാർഗ്ഗരേഖ ഖ.6.6 പ്രകാരം പട്ടികജാതി/ പട്ടിക വർഗ്ഗത്തിന് പി.വി.സി വാട്ടർ ടാങ്കിന് അനുവദിക്കാവുന്ന സബ്സിഡി നിരക്ക് 75% ആണ്. അപ്രകാരം വാട്ടർ ടാങ്കിന് അനുവദിക്കാവുന്ന സബ്സിഡി 175950(234600x75%) രൂപയാണ്. എന്നാൽ ഇവിടെ 179469 രൂപ വികസന ഫണ്ടിൽ നിന്നും പിൻവലിച്ചതു വഴി 3519 രൂപ സബ്സിഡിയിനത്തിൽ അധികം ചെലവഴിച്ചിട്ടുണ്ട്. ഇൻകം ടാക്സിനത്തിലുള്ള തുക സ്ഥാപനത്തിന് നൽകേണ്ട തുകയിൽ കുറവു ചെയ്യേണ്ടതിനു പകരം വികസനഫണ്ടിൽ നിന്നും പിൻവലിച്ച് നൽകിയതു വഴിയാണ് അധികമായി വികസന ഫണ്ട് ചെലവഴിക്കാനിടയായത്.

2. സ്ഥാപനത്തിന് അധികം തുക നൽകി.

കിസാൻ എക്സൽ പ്രൈവറ്റ് ലിമിറ്റഡിന്റെ കാഷ് ബില്ലുകൾ പ്രകാരം 234600 രൂപയാണ് 69 വാട്ടർടാങ്കുകളുടെ വില. ഇതിൽ നിന്നും ഐ.ടി 3519 രൂപ കുറച്ച് 231081 രൂപയാണ് സ്ഥാപനത്തിന് നൽകേണ്ടത് . ഒരു ടാങ്കിന്റെ വിലയായ 3400 രൂപയുടെ 25% ആയ 850 രൂപ 69 ഗുണഭോക്താക്കളിൽ നിന്നും പിരിച്ച് 20-21 വർഷം തന്നെ അസിസ്റ്റന്റ് സെക്രട്ടറി തനതു ഫണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. 2020-21 ൽ 226200 രൂപ (229719-3519) സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. 201000 രൂപ വികസനഫണ്ട് വകയിരുത്തിയതിന് ആനുപാതികമായി 25% ഗുണഭോക്തൃ വിഹിതമായ 67000 രൂപ (268000x75%=201000, 268000x25%= 67000) പ്രോജക്ടിൽ വകയിരുത്തേണ്ടതിന് പകരം 50250 രൂപയാണ് വകയിരുത്തിയത്. ആയതിനാൽ ഗുണഭോക്തൃ വിഹിതമിനത്തിൽ പിരിച്ചെടുത്ത തുകയിൽ 8400 രൂപ (69x850= 58650-50250) തൻവർഷം ചെലവഴിക്കാൻ സാധിക്കാതെ തനതുഫണ്ടിൽ തന്നെ വയ്ക്കുകയും 2021-22 ൽ 17-11-21 തീയ്യതിയിലെ 22100458 നമ്പർ വൗച്ചർ പ്രകാരം നൽകാൻ ബാക്കിയുള്ള 8400 രൂപ കൂടി പിൻവലിച്ച് സ്ഥാപനത്തിന് നൽകുകയും ചെയ്തിട്ടുണ്ട്. ഇതുപ്രകാരം സ്ഥാപനത്തിന് ആകെ 234600 രൂപ(226200+8400) നൽകിയിട്ടുണ്ട്. ഇൻകം ടാക്സിനത്തിൽ ഈടാക്കേണ്ട 3519 രൂപ (234600-231081) സ്ഥാപനത്തിന് അധികമായി നൽകിയിട്ടുണ്ട്.

അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ എൻക്വയറിക്ക് (3/28-6-22) മറുപടി നൽകിയിട്ടില്ല. വികസനഫണ്ടിൽ നിന്നും അധികം പിൻവലിച്ച 3519 രൂപ ഉത്തരവാദിയായ അസിസ്റ്റന്റ് സെക്രട്ടറിയിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട ഹെഡ്ഡിൽ തിരിച്ചടവാക്കി അറിയിക്കേണ്ടതാണ്.

1-14 പി.എച്ച്.സി .കണ്ടിജന്റ് ചെലവുകൾ- പ്രൊജക്ട് പ്രകാരം കണ്ടിജന്റ് ചെലവുകൾക്ക് ആവശ്യത്തിൽ കൂടുതൽ തുക പിൻവലിച്ചു.

പ്രൊജക്ട് നമ്പർ- 171/21

വകയിരുത്തിയ തുക- 75000

ചെലവുതുക- 74980

പ്രൊജക്ട് പ്രകാരം പി.എച്ച്.സിയിലെ കണ്ടിജന്റ് ചെലവുകൾക്ക് ആവശ്യമായ തുക പിൻവലിച്ചത് പരിശോധിച്ചതിൽ 1.1.21 ൽ ലഭ്യമായ ഡിമാന്റ് നോട്ടീസിന്റെ അടിസ്ഥാനത്തിൽ കറന്റ് ചാർജിനത്തിൽ 28119 രൂപ 21.1.21ൽ എച്ച്.എം.സി ഫണ്ടിൽ നിന്നും അടവാക്കുകയും ആയത് റീക്കൂപ്പ് ചെയ്യുന്നതിനായി 20.2.21ന് 4219(Order No 285/20.2.21) രൂപയും ,24.3.21ന് 25000 (Order No 285/24.3.21) രൂപയും പ്രൊജക്ട് പ്രകാരം പിൻവലിച്ചിട്ടുണ്ട്. 28119 രൂപ മേൽ ആവശ്യത്തിനായി പിൻവലിക്കേണ്ടതിന് പകരം

29219 രൂപ പിൻവലിച്ചത് വഴി 1100 രൂപ ആവശ്യത്തിൽ അധികം പ്രൊജക്ടിൽ നിന്നും ചെലവഴിച്ചിരിക്കയാണ്. അപാകതയ്ക്ക് കാരണം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം പിൻവലിച്ച 1100 രൂപ തിരികെ അടവാക്കേണ്ടതാണ്.

## 1-15 പ്രവൃത്തി പൂർത്തീകരിക്കാൻ കാലതാമസം - പിഴ ഈടാക്കിയില്ല

ചേളന്നൂർ പഞ്ചായത്തിൽ 20-21 സാമ്പത്തിക വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ താഴെപ്പറയുന്ന പൊതുമരാമത്ത് പ്രവൃത്തിയിൽ പ്രവൃത്തി പൂർത്തീകരണം വൈകിയിട്ടുണ്ട്. കരാർ പ്രകാരം പ്രവൃത്തികൾ പൂർത്തീകരിയ്ക്കാത്തതിന് കരാറുകാരനിൽ നിന്ന് നിയമാനുസൃതം പിഴ ഈടാക്കാതെ തുക അനുവദിച്ചതായി കാണുന്നു. വിശദാംശങ്ങളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

| ക്രമ നം | പ്രോജക്ട് | ഓഡിറ്റ് വർഷത്തെ ചെലവ് | കരാറുകാരൻ, അഗ്രി. നമ്പർ, തിയ്യതി, എം. ബുക്ക് നമ്പർ | ടി. എസ് പ്രകാരം പ്രവൃത്തി പൂർത്തീകരണ കാല യളവ്, സൈറ്റ് കൈമാറിയ തിയ്യതി, പ്രവൃത്തി പൂർത്തി യാക്കിയ തിയ്യതി | ഈടാക്കേണ്ട പിഴ |
|---|---|---|---|---|---|
| 1 | 245/20-21 (So)<br>അരങ്ങാട്ട് മീത്തൽ മുതുകാട്<br>കുന്ന് റോഡ് | 500000<br>(മെ.ഫണ്ട്.റോഡ് )<br>ബിൽ നം.2/16.4.20 | AE/C.H.R/ 79/18-19. 30.12.18.<br>Mbook. 14 /17-18 | 6 മാസം<br>30.12.18<br>29.2.20 | പി. എ. സി തുക 600000 രൂപയുടെ (3%) രൂപ<br>18000 |
| 2 | 176/20-21<br>പി.എച്ച്.സി<br>കെട്ടിട<br>വിപുലീകരണം. | 904140<br>മെ.ഫണ്ട് (റോഡിതരം)<br>ബിൽ നം.<br>18/20-21/ 27.4.20 | AE/C.H. N.R/80/18-19/ 31.12.18<br>Mbook. 7/ 17-18 | 8മാസം<br>31.12.18<br>6.12.19 | പി. എ. സി തുക 927601 രൂപയുടെ (3%) 27828 രൂപ |
| 3 | 259/20-21<br>അമ്പലത്ത്കുളങ്ങര | 381791<br>( മെ.ഫണ്ട്.റോഡ് ) | AE/C.H. N.R/32/19- | 6മാസം<br>13.11.19 | പി. എ. സി തുക |

| | | | | | |
|---|---|---|---|---|---|
| | -പുളിബസാർറോഡ് കെട്ട് മെയിന്റനൻസ് | ബിൽ നം.48/9.11.20 | 20/ 13.11.19 Mbook. 1/ 17-18 | 22.7.20 | 400000രൂപ യുടെ (3%) 12000രൂപ |
| 4 | 279/20-21 അമ്പലപ്പാട്-ചേപ്പാക്കുനിയിൽ റോഡ് | 200000 ധനകാര്യകമ്മീഷൻ അവാർഡ് 58/20-21/20.11.20 | AE/C.H. N.R/1/19-20/ 30.9.19 Mbook. 282/ 19-20 | 3മാസം 30.9.19 4.5.20 | പി. എ. സി തുക 200000രൂപ യുടെ (3%) 6000രൂപ |
| | | | | ആകെ | 63828 |

1.2.2012 തീയ്യതിയിലെ ജി.ഒ.(പി)13/2012/പി.ഡബ്ല്യു.ഡി കേരള പൊതുമരാമത്ത് മാനുവൽ സെക്ഷൻ 2112-1 പ്രകാരം കരാറിൽ വ്യവസ്ഥ ചെയ്ത സമയത്തിൽ തന്നെ മരാമത്ത് പൂർത്തീകരിക്കേണ്ടത് കരാറുകാരുടെ ഉത്തരവാദിത്തമാണ്. എന്നാൽ പൂർത്തീകരണ കാലാവധി പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവ് മൂലം ദീർഘിപ്പിക്കേണ്ട ഘട്ടത്തിൽ പിഴ ഈടാക്കി ദീർഘിപ്പിക്കാം. പക്ഷേ ഇക്കാര്യത്തിന് അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന അപേക്ഷിക്കേണ്ടതുണ്ട്. ആദ്യതവണ ദീർഘിപ്പിക്കുന്നതിന് PAC തുകയുടെ 1 ശതമാനവും ആദ്യതവണക്കു ശേഷം 2 ശതമാനവും ആണ് പിഴ ഈടാക്കേണ്ടത്. മാനുവൽ സെക്ഷൻ 2112 പ്രകാരം ഒറ്റത്തവണയുള്ള ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 25 ശതമാനത്തിൽ അധികരിക്കാൻ പാടില്ല. പരമാവധി ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 50 ശതമാനത്തിൽ അധികരിക്കാനും പാടില്ല. സെക്ഷൻ 2005 പ്രകാരം Site കൈമാറുന്ന തിയ്യതി മുതൽക്കാണ് പൂർത്തീകരണ കാലാവധി കണക്കാക്കേണ്ടത്. മേൽ പ്രവൃത്തികളുടെ കാലയളവ് ആകെ പൂർത്തീകരണ സമയത്തിന്റെ 50% ത്തിലും അധികമായതിനാൽ പിഴ ഈടാക്കാതെ ഫൈനൽ ബിൽ അനുവദിച്ചതിന് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് മറുപടി ലഭ്യമല്ല. 63828/രൂപ ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

1-16 കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗവിവരം ലഭ്യമല്ല

| പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവ് | ബിൽ നം/ തീയതി |
|---|---|---|---|---|
| 24/21 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി | 875000(പൊതു വിഭാഗം വികസന ഫണ്ട്)+875000 (ഗുണഭോക്തൃ വിഹിതം ) = 1750000 | 875000 (പൊതു വിഭാഗം വികസന ഫണ്ട്) | 292/ 24-2-21 |

സാമ്പത്തിക വർഷത്തിൽ വെറ്ററിനറി സർജൻ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പദ്ധതിയിൽ 4 - 6 മാസം വരെ പ്രായമുള്ള 70 കന്നുകുട്ടികളെ തെരഞ്ഞെടുത്ത് 32 മാസം വരെ ശാസ്ത്രീയ തീറ്റ നൽകി വളർത്തി ആരോഗ്യമുള്ള കാലി സമ്പത്ത് വളർത്തുക എന്നതാണ് ലക്ഷ്യം. പ്രസ്തുത ലക്ഷ്യം

മുൻനിർത്തി മേൽ പ്രൊജക്ടുകൾ പ്രകാരം സംസ്ഥാന വിഹിതവും തദ്ദേശ ഭരണ സ്ഥാപന വിഹിതവും ഉൾപ്പെടെ 875000 രൂപ വികസന ഫണ്ടിൽ നിന്നും പിൻവലിച്ച് അസിസ്റ്റന്റ് ഡയറക്ടർ, കാഫ്ഫീഡ് സബ്സിഡി സ്കീം കോഴിക്കോടിന് അടവാക്കിയിട്ടുണ്ട്. കാഫ്ഫീഡ് സബ്സിഡി സ്കീം അസിസ്റ്റന്റ് ഡയറക്ടറുടെ 22-6-2022 തീയ്യതിയിലെ AHD/CFSS/KZHD/222/2022-A നമ്പർ കത്തു മുഖേന 875000 രൂപയിൽ 632297 രൂപ നാളിതുവരെ വിനിയോഗിച്ചതായി അറിയിച്ചിട്ടുണ്ട്. പ്രോജക്ട് പൂർത്തിയാകുന്ന മുറയ്ക്ക് ബാക്കിയുള്ള 242703 രൂപയുടെ വിനിയോഗവിവരവും പ്രോജക്ടിന്റെ ഭൗതിക പുരോഗതി റിപ്പോർട്ടും പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. വിനിയോഗ വിവരം പരിശോധനയ്ക്ക് ലഭ്യമാക്കുന്നതുവരെ 242703 രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

**1-17 സർക്കാർ മാർഗ നിർദ്ദേശത്തിന് വിരുദ്ധമായി സാക്ഷരതാ പ്രവർത്തനങ്ങൾക്ക് തുക ചെലവഴിച്ചു.**

പ്രോജക്ട് നമ്പർ- 306/21

വകയിരുത്തിയ തുക- 25000

ചെലവു തുക- 24445(Order No98/9/9/20)

2019-20 സാമ്പത്തിക വർഷത്തിൽ അംഗീകാരം ലഭിച്ച തുടർ സാക്ഷരതാ പ്രവർത്തനം എന്ന പ്രൊജക്ടിന് 2020-21 വർഷത്തിൽ സ്പിൽ ഓവർ പ്രൊജക്ടായാണ് തുക ചെലവഴിച്ചിരിക്കുന്നത്. പഞ്ചായത്തിലെ തുടർ സാക്ഷരതാ കേന്ദ്രം പ്രേരക് മാരായ ശ്രീ.ശശികുമാർ, ശ്രീമതി.ബാലമണി എന്നിവർ സാക്ഷരതാ കേന്ദ്രത്തിൽ ആവശ്യമായി വന്ന സ്റ്റേഷനറി, ഫോട്ടോസ്റ്റാറ്റുകൾ വിവിധ മീറ്റിംഗുകൾക്കുള്ള ചായ, ലഘു ഭക്ഷണം, മറ്റ് പരിപാടികൾ എന്നിവക്കുള്ള ചെലവിനത്തിലാണ് 24445 രൂപ കൈപ്പറ്റിയിരിക്കുന്നത്. സ.ഉ.നമ്പർ 11/2018 തി 29-1.2018 ഖണ്ഡിക 7.6.13 പ്രകാരം സാക്ഷരതാ മിഷന്റെ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് തുടർ സാക്ഷരതാ കേന്ദ്രങ്ങളിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുക, മിഷൻ പ്രസിദ്ധീകരിക്കുന്ന പാഠപുസ്തകങ്ങളുടെ വില നൽകുക, മിഷന് അടവാക്കേണ്ട ഫീസ് അടവാക്കുക എന്നിവക്കു വേണ്ടിയുള്ള പ്രൊജക്ടുകൾ മാത്രമാണ് ഗ്രാമ/ജില്ലാ പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നതെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. സാക്ഷരതാ കേന്ദ്രവുമായി ബന്ധപ്പെട്ട മറ്റ് ചെലവുകൾ ജില്ലാ സാക്ഷരതാ മിഷനിൽ നിന്നും ലഭ്യമാക്കണമെന്നിരിക്കെ ഇത്തരം പ്രൊജക്ടുകൾക്ക് പഞ്ചായത്ത് ഫണ്ട് വകയിരുത്തി ചെലവഴിക്കാനുണ്ടായ സാഹചര്യം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവു തുക 24445 രൂപ തടസ്സത്തിൽ വെക്കുന്നു.

**1-18 സ്പെഷ്യൽ സ്കൂൾ മാതൃസമിതിക്ക് കരകൗശല നിർമ്മാണ പരിശീലനം - മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതി നടപ്പിലാക്കി - പ്രോജക്ട് ലക്ഷ്യം കണ്ടില്ല.**

| | |
|---|---|
| പ്രൊജക്ട് | 73/20(സ്പിൽ ഓവർ) കരകൗശല നിർമ്മാണ പരിശീലനം സ്പെഷ്യൽ സ്കൂൾ മാതൃസമിതിക്ക് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

| | |
|---|---|
| അടങ്കൽ | 150000 |
| ചെലവ് | 145000 |
| ബിൽ നമ്പർ | 4/13-10-20 |

ബഡ്സ് സ്കൂൾ വിദ്യാർത്ഥികളുടെ രക്ഷിതാക്കളായ 31 സ്ത്രീകൾക്ക് പേപ്പർ ബാഗ്, പേപ്പർ കവർ, പേപ്പർ ബോക്സ്, പേപ്പർ പാർസൽ, കരകൗശല വസ്തുക്കൾ,കുട നിർമ്മാണം എന്നിവയിൽ 20 ദിവസത്തെ പരിശീലനം നൽകി ഇത്തരം ഉൽപ്പന്നങ്ങൾ നിർമ്മിച്ച് കുടുംബശ്രീയുടെ സഹായത്തോടെ വിപണനം നടത്തി അതു വഴി വരുമാന മാർഗ്ഗം പ്രദാനം ചെയ്യുക എന്നതാണ് പ്രോജക്ടിന്റെ ലക്ഷ്യം. 196575 രൂപയാണ് പ്രോജക്ട് ചെലവായി കാണിച്ചിരിക്കുന്നത്. 28-1-20 ലെ 2998/എ3 /18/കെ.എസ്.കെ.കെ.ഡി കത്തു മുഖേന കുടുബശ്രീയുടെ ജില്ലാമിഷൻ ഇതിനായി വടകരയിലുള്ള കുടുംബശ്രീയുടെ തൊഴിൽ പരിശീലന ഗവേഷണ സ്ഥാപനമായ ഏക്സാതിനെ ചുമതലപ്പെടുത്തി അസിസ്റ്റന്റ് സെക്രട്ടറിയെ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ 5.2.2020 തീയതിയിൽ സ്ഥാപനവുമായി അസിസ്റ്റന്റ് സെക്രട്ടറി കരാർ വെച്ചിട്ടുണ്ട്. ഇതുപ്രകാരം ബഡ്സ് സ്കൂളിന് മുകളിലുള്ള ഹാളിൽ വച്ച് 17/2/2020 മുതൽ 13/3/2020 വരെ 20 ദിവസങ്ങളിലായി കരകൗശല വസ്തുക്കളിലും കുട നിർമ്മാണത്തിലും പാവ നിർമ്മാണത്തിലും 16 അമ്മമാർക്ക് പരിശീലനം നൽകിയിട്ടുണ്ട്. ഇതിനായി പരിശീലന സാമഗ്രികൾ, പരിശീലന ഫീസ്, ഭക്ഷണം, ഫോട്ടോ, ഡോക്യുമെന്റേഷൻ, ബാനർ, റിപ്പോർട്ട്, സർട്ടിഫിക്കറ്റ് എന്നീ ഇനങ്ങളിലായി ആകെ 145000 രൂപ ഏക്സാത്തിന് നൽകിയിട്ടുണ്ട്.

പ്രോജക്ട് നിർവ്വഹണത്തിലും രൂപീകരണത്തിലും താഴെ കൊടുത്തിരിക്കുന്ന അപാകതകൾ കാണുന്നു.

സ.ഉ (കൈ)നം.22/2018,ത.സ്വ.ഭ.വ തീയ്യതി:14-2-2018 സബ്സിഡി മാർഗ്ഗരേഖ, സ.ഉ (കൈ)നം.11/2018,ത.സ്വ.ഭ.വ തീയ്യതി: 29-1-2018 രൂപീകരണ മാർഗ്ഗരേഖ എന്നിവയിലെ യഥാക്രമം ഖ 8.4, 7ൽ 4.3 എന്നീ ഖണ്ഡികകൾ പ്രകാരം പരിശീലനത്തിന് മാത്രമായി പ്രൊജക്ട് ഏറ്റെടുക്കാൻ പാടില്ല. സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമായോ, തൊഴിൽ സംരംഭങ്ങളിൽ ഏർപ്പെട്ടിട്ടുള്ള അംഗങ്ങൾക്ക് അവർ ഏർപ്പെട്ടിട്ടുള്ള തൊഴിൽ മേഖലയിലോ പരിശീലനം നൽകാവുന്നതാണ്. ഇവിടെ സ്വയംതൊഴിൽ സംരംഭം ആരംഭിക്കുമെന്ന് യാതൊരു ഉറപ്പുമില്ലാതെയാണ് വികസനഫണ്ട് വെച്ച് പരിശീലനത്തിന് തുക നൽകിയിരിക്കുന്നത്. 28-6-2022ന് 11 മണിക്ക് ഓഡിറ്റിന്റെ ഭാഗമായി ബഡ്സ് സ്കൂൾ സന്ദർശിച്ചപ്പോൾ കുട നിർമ്മാണം, പാവ നിർമ്മാണം എന്നിവയ്ക്കായി ഉപയോഗിച്ച അസംസ്കൃത സാധനങ്ങളിൽ ബാക്കിയായവ രണ്ടു കവറുകളിലായി സൂക്ഷിച്ചിരിക്കുന്നതായി കണ്ടു. നിലവിൽ അമ്മമാർ ആരും തന്നെ സ്വന്തമായി ഉൽപ്പന്നങ്ങൾ നിർമ്മിച്ച് വിപണനം നടത്തുന്നതായി അറിവില്ലെന്നാണ് ബഡ്സ് സ്കൂൾ ടീച്ചർ അറിയിച്ചത്. പരിശീലനത്തിന്റെ ഭാഗമായി നിർമ്മിച്ച ഉൽപ്പന്നങ്ങൾ ഒന്നും തന്നെ അവിടെ കാണാൻ സാധിച്ചിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥ തുടർ മോണിറ്ററിംഗ് നടത്താത്തതിനാൽ പരിശീലനം ലഭിച്ച ആളുകൾ സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുകയോ സ്വന്തമായി ഉൽപ്പന്നങ്ങൾ നിർമ്മിച്ച് വിപണനം നടത്തി അതു വഴി ജീവിത മാർഗ്ഗം കണ്ടെത്തുകയോ ചെയ്തിട്ടില്ല. അതിനാൽ പ്രോജക്ടു കൊണ്ട് ഉദ്ദേശിച്ച ലക്ഷ്യം കൈവരിക്കാൻ സാധിക്കാതെ പദ്ധതിപ്പണം പാഴായ അവസ്ഥയാണുള്ളത്.

അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക്(25/28-6-22) മറുപടി നൽകിയിട്ടില്ല. ട്രെയിനിംഗ് ലഭ്യമായവർ അതുപയോഗിച്ച് സ്വന്തമായി വരുമാന മാർഗ്ഗം കണ്ടെത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കുന്നതുവരെ ചെലവു തുക തടസ്സത്തിൽ വയ്ക്കുന്നു.

## 1-19 പെൻഷൻ അപേക്ഷകളിൽ തീരുമാനമെടുക്കുന്നതിൽ കാലതാമസം നിലവിലും തുടരുന്നു.

ചേളന്നൂർ ഗ്രാമപഞ്ചായത്തിലെ 2020-21 വർഷത്തെ വിവിധ ക്ഷേമ പെൻഷൻ അപേക്ഷാ രജിസ്റ്ററുകൾ പരിശോധിച്ചതിൽ ക്ഷേമ പെൻഷനുകൾക്കുള്ള അപേക്ഷകളിൽ നിശ്ചിത സമയപരിധിക്കകം തീരുമാനം കൈക്കൊള്ളുന്നതായി കാണുന്നില്ല. വാർദ്ധക്യകാല പെൻഷൻ, വിധവാ പെൻഷൻ, ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പെൻഷൻ മുതലായ ഇനങ്ങളിൽ മാസങ്ങൾക്കു മുമ്പ് ലഭിച്ച അപേക്ഷകളിൽ തീരുമാനം എടുക്കാൻ വൈകുന്നതായി രജിസ്റ്ററുകൾ പരിശോധിച്ചതിൽ വ്യക്തമാവുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1.വാർദ്ധക്യകാല പെൻഷൻ

| ക്രമ നമ്പർ | അപേക്ഷാ നമ്പർ, ലഭിച്ച തീയ്യതി | അപേക്ഷകന്റെ പേര് | അന്വേഷണത്തിന് നൽകിയ തീയ്യതി | തിരികെ ലഭിച്ച തീയ്യതി | സ്റ്റാന്റിംഗ് കമ്മറ്റി തീരുമാനവും നമ്പരും |
|---|---|---|---|---|---|
| 1 | 8527/21/ 31-12-21 | രാജൻ.സി സുകൃതം മഠത്തും പൊയിൽ | 4-2-22 | രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. | 21/22 11-3-22 |
| 2 | 930/22/ 15-2-22 | പ്രകാശൻ പരത്തോളി മീത്തൽ, ചേളന്നൂർ | 2-3-22 | രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. | 2/22 10-5-22 |
| 3 | 1496/4-3-22 | വിജയൻ കെ.എം കുരുരി മീത്തൽ, ചേളന്നൂർ | 6-4-22 | 21-5-22 | 3/2022 3-6-22 |

2.വിധവാ പെൻഷൻ

| ക്രമ നമ്പർ | അപേക്ഷാ നമ്പർ, ലഭിച്ച തീയ്യതി | അപേക്ഷകന്റെ പേര് | അന്വേഷണത്തിന് നൽകിയ തീയ്യതി | തിരികെ ലഭിച്ച തീയ്യതി | സ്റ്റാന്റിംഗ് കമ്മറ്റി തീരുമാനവും നമ്പരും |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1. | 881/22/<br>14-2-22 | ശോഭന.കെ.സി.<br>അച്ചൻ കണ്ടിയിൽ | 6-4-22 | രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. | 2/22<br>10-5-22 |
| 2 | 866/22/<br>11-2-22 | സോഫിദ.എം.കെ<br>പനങ്ങാട്ടു പറമ്പ് | 6-4-22 | രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. | 2/22<br>10-5-22 |
| 3 | 763/22<br>/8-2-22 | സതി.എം<br>മുതിയേരി വീട് പറമ്പത്ത് | 6-4-22 | രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. | 2/22<br>10-5-22 |

3.ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പെൻഷൻ

| ക്രമ നമ്പർ | അപേക്ഷാ നമ്പർ, ലഭിച്ച തീയ്യതി | അപേക്ഷകന്റെ പേര് | അന്വേഷണത്തിന് നൽകിയ തീയ്യതി | തിരികെ ലഭിച്ച തീയ്യതി | സ്റ്റാന്റിംഗ് കമ്മറ്റി തീരുമാനവും നമ്പരും |
|---|---|---|---|---|---|
| 1. | 5181/21/<br>22-7-21 | അക്ഷയ്.എൻ.എസ്<br>ഞേറക്കാട്ട് | 9-9-21 | രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. | 23/21<br>14-9-21 |
| 2 | 2416/22<br>/6-4-22 | ഷിനോജ്.കെ.വി<br>കമ്മനവടക്കോത്ത് | 17-5-22 | രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. | 4/22<br>13-6-22 |
| 3 | 1405/28-2-22 | ഹരിദാസൻ.പി.ടി.<br>പുറതോട്ടിൽ താഴത്ത് | 8-4-22 | രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. | 4/22<br>13-6-22 |

ലഭിച്ച അപേക്ഷകൾ അന്വേഷണത്തിന് നൽകുന്നതിലും അന്വേഷണ ഉദ്യോഗസ്ഥൻ അപേക്ഷകളിന്മേൽ അന്വേഷണം പൂർത്തീകരിക്കുന്നതിലും സമയമെടുക്കുന്നതായും അപേക്ഷകൾ തിരിച്ചേൽപ്പിച്ചിട്ടും ഇവയിൽ തീരുമാനമെടുക്കുന്നതിൽ കാലതാമസം നേരിടുന്നതായും കാണുന്നു. കർഷക തൊഴിലാളി പെൻഷൻ അപേക്ഷ ലഭിച്ച് 45 ദിവസത്തിനകവും, മറ്റ് പെൻഷനുകളിൽ 40 ദിവസത്തിനകവും തീരുമാനമെടുക്കേണ്ടതായിട്ടുണ്ട്. 2019-20 വർഷ ഓഡിറ്റ് റിപ്പോർട്ടിൽ ഖ. 1-7-1 ആയി 2019-20 വർഷത്തെ പെൻഷൻ അപേക്ഷകളിൽ തീരുമാനമെടുക്കുന്നതിൽ കാലതാമസമുള്ളതായും പ്രസ്തുത അപാകതകൾ പരിഹരിക്കാനും നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും നിലവിലും ഇതേ അവസ്ഥ തുടരുകയാണെന്ന് മേൽ കാണിച്ച ഉദാഹരണങ്ങളിൽ നിന്നും വ്യക്തമാകുന്നു.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 24/28-6-22) മറുപടി ലഭ്യമാക്കിയിട്ടില്ല. പെൻഷൻ അപേക്ഷകളിൽ തീരുമാനമെടുക്കുന്നതിൽ കാലതാമസം ഒഴിവാക്കേണ്ടതും അർഹരായവർക്ക് സമയബന്ധിതമായി പെൻഷൻ വിതരണം നടത്താൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-20 ഹെഡ്മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രോജക്ടുകൾ നടപ്പിലാക്കിയില്ല

തൻവർഷം ഹെഡ്മാസ്റ്റർ യു.പി.സ്കൂൾ നിർവ്വഹണ ഉദ്യോഗസ്ഥനായി താഴെ കൊടുത്തിരിക്കുന്ന പ്രോജക്ടുകൾക്കായി തുക വകയിരുത്തിയിട്ടുണ്ട്.

| ക്രമ നമ്പർ | പ്രോജക്റ്റിന്റെ പേര്/നമ്പർ | വകയിരുത്തിയ തുക/ഫണ്ടിനം |
|---|---|---|
| 1 | 155/21 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ നൽകൽ | 203450(വി.ഫണ്ട്.എസ്.സി.പി) |
| 2 | 157/21 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ നൽകൽ | 31000 (വി.ഫണ്ട്. ടി.എസ്.പി) |
| 3 | 158/21 ഗവൺമെന്റ് വെൽഫയർ സ്കൂളിന് ഫർണ്ണിച്ചർ വാങ്ങൽ | 75000 (റോഡിതര മെയിന്റനൻസ് ഗ്രാന്റ്) |
| 4 | 159/21 സ്കൂൾ വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം | 60000 (വി.ഫണ്ട്.പൊതുവിഭാഗം ) |
| 5 | 167/21 തുടർ വിദ്യാഭ്യാസം സാക്ഷരത തുല്യതാ ഫീസ്. | 50000 (തനതു ഫണ്ട്) |

മേൽ പ്രോജക്ടുകളുടെ നിർവ്വഹണം സംബന്ധിച്ച് ഭരണസമിതിയിലും ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റിയിലും വിശദമായി ചർച്ചകൾ നടത്തിയതായി കണ്ടില്ല. തൻവർഷം തന്നെ ഗവൺമെന്റ് എൽ.പി.സ്കൂൾ എച്ച്.എം നിർവ്വഹണ ഉദ്യോഗസ്ഥനായി എസ്.എസ്.എ വിഹിതം കൈമാറൽ എന്ന ഒരു പ്രോജക്ട് മാത്രം നിർവ്വഹിച്ചിട്ടുണ്ട്. ക്രമനമ്പർ 3 മുതൽ 5 വരെയുള്ള പ്രോജക്ടുകൾ ഗവൺമെന്റ് എൽ.പി.സ്കൂൾ എച്ച്.എം നെ തന്നെ ചുമതലപ്പെടുത്തി നടപ്പിലാക്കാമായിരുന്നു. എന്നാൽ യഥാസമയം തീരുമാനമെടുക്കാത്തതിനാൽ പ്രോജക്ട് നടപ്പിലാക്കിയില്ല. ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തേണ്ട പ്രോജക്ടുകളിൽ 2 എണ്ണം പട്ടികജാതി/ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ആനുകൂല്യം നൽകേണ്ട പ്രോജക്ടുകളാണ്. ഈ പ്രോജക്ടുകളിൽ യഥാസമയം തീരുമാനമെടുത്ത് പകരം ഉദ്യോഗസ്ഥന് നിർവ്വഹണ ചുമതല നൽകാത്തതിനാൽ എസ്.സി/എസ്.ടി വിഭാഗത്തിന് ലഭിക്കേണ്ട ധനസഹായവും ഫണ്ടും നഷ്ടപ്പെടാനിടയാക്കിയിട്ടുണ്ട്. ഇത്തരം പ്രോജക്ടുകൾ അസിസ്റ്റന്റ് സെക്രട്ടറിയെ ചുമതലപ്പെടുത്താമെന്നിരിക്കെ ആ സാധ്യത പഞ്ചായത്ത് ഉപയോഗപ്പെടുത്തിയിട്ടില്ല. യഥാസമയം തീരുമാനമെടുത്ത് പ്രോജക്ടുകൾ നിർവ്വഹിക്കാതെ എസ്.സി/എസ്.ടി വിഭാഗത്തിന് ലഭിക്കേണ്ട ധനസഹായവും പട്ടികജാതി/പട്ടികവർഗ്ഗ വികസന ഫണ്ടും റോഡിതര മെയിന്റനൻസ് ഗ്രാന്റും നഷ്ടപ്പെടുത്തിയതിനും വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (1/28-6-22) മറുപടി നൽകിയിട്ടില്ല. അപാകതയ്ക്ക് വ്യക്തമായ വിശദീകരണം ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-21 നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി - മുഴുവൻ കർഷകർക്കും ധനസഹായം ഉറപ്പാക്കിയില്ല.

തൻവർഷം കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി താഴെ കൊടുത്തിരിക്കും പ്രകാരം നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡിയിനത്തിൽ കർഷകർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്.

| പ്രോജക്ട് നമ്പർ/ പേര് | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ധന സഹായം ലഭ്യമാക്കിയ കൃഷി | ധന സഹായം ലഭിച്ച കർഷക |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | ഭൂമിയുടെ അളവ്/നിരക്ക് | ന്റെ എണ്ണം |
| 8/21 നെൽകൃഷി വികസനം | 150000(വി.ഫണ്ട്)+125000 (ബ്ലോക്ക് വിഹിതം)+ 150000(ജി.പഞ്ചായത്ത് വിഹിതം)=425000 | 150000(വി.ഫണ്ട്)+ 125000(ബ്ലോക്ക് വിഹിതം)+150000 (ജി.പഞ്ചായത്ത് വിഹിതം)=425000 | 25 ഹെക്ടർ 17000 Per ഹെക്ടർ | 121 |

പഞ്ചായത്തിന്റെ 2020-21ലെ പരിഷ്കരിച്ച അവസ്ഥാരേഖ പരിശോധിച്ചപ്പോൾ കർഷകർ നെൽകൃഷി ചെയ്യുന്ന ആകെ ഭൂമിയുടെ വിസ്തീർണ്ണം 50 ഹെക്ടർ ആണ്.എന്നാൽ 25 ഹെക്ടറിൽ കൃഷി ചെയ്യുന്ന കർഷകർക്ക് മാത്രമേ 20-21ൽ ധനസഹായം അനുവദിച്ചിട്ടുള്ളൂ. 10-1-2020ലെ കൃഷിയും അനുബന്ധ മേഖലകളും സംബന്ധിച്ച വർക്കിംഗ് ഗ്രൂപ്പിൽ 25 ഹെക്ടർ സ്ഥലത്തെ കൃഷിക്ക് മാത്രമേ ആനുകൂല്യം നൽകാൻ തീരുമാനിച്ചിട്ടുള്ളൂ.

നെൽകൃഷി ചെയ്യുന്ന മുഴുവൻ കർഷകർക്കും ആനുകൂല്യം ലഭിക്കത്തക്ക രീതിയിൽ പ്രോജക്ട് രൂപീകരിച്ച് തുക വകയിരുത്തി ചെലവഴിക്കാത്തതിന് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ട് കൊണ്ട് നൽകിയ എൻക്വയറിക്ക് (4/28-6-22) മറുപടി നൽകിയിട്ടില്ല. അപാകതയ്ക്ക് വ്യക്തമായ വിശദീകരണം നൽകേണ്ടതും വരും വർഷങ്ങളിൽ പ്രോജക്ടുകൾ രൂപീകരിക്കുമ്പോൾ മുഴുവൻ കർഷകർക്കും ധനസഹായം ലഭ്യമാകുന്ന രീതിയിൽ പ്രോജക്ട് രൂപീകരിച്ച് നടപ്പിലാക്കേണ്ടതുമാണ്.

### 1-22 ധനകാര്യ കമ്മീഷൻ ഗ്രാന്റിനത്തിൽ ലഭ്യമായ തുകയിൽ 72ലക്ഷത്തിൽ പരംരൂപ പ്രോജക്ടുകൾ പോലും ആവിഷ്കരിക്കാതെ നഷ്ടമായി.

സാമ്പത്തിക വർഷത്തെ സ്ഥാപനത്തിന്റെ പ്രൊജക്ട ചെലവുകൾ പരിശോധിച്ചതിൽ സുലേഖ ചെലവ് പത്രിക പ്രകാരം ധനകാര്യകമ്മീഷന് ഗ്രാന്റിനത്തിൽ സാമ്പത്തിക വർഷത്തിൽ പ്രൊജക്ടുകൾക്കായി 15441420 രൂപ വകയിരുത്തുകയും 11590722 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. 66 പ്രൊജക്ടുകളിലായാണ് മേൽ തുകകൾ വകയിരുത്തി ചെലവഴിച്ചിരിക്കുന്നത്. സാമ്പത്തിക വർഷത്തെ സ്ഥാപനത്തിലെ വിവിധ ഫണ്ടുകളുടെ A.C.R.പരിശോധിച്ചതിൽ സാമ്പത്തിക വർഷം ധനകാര്യകമ്മീഷൻ ഗ്രാന്റ് (ടൈഡ്) ഇനത്തിൽ 7490000 രൂപയും ധനകാര്യകമ്മീഷൻ ഗ്രാന്റ് (അൺടൈഡ്) ഇനത്തിൽ 15219211 രൂപയും ഉൾപ്പെടെ ആകെ 22709211 രൂപ വരവുവന്നിട്ടുണ്ട്. ഇതിൽ നിന്നും മേൽ പറഞ്ഞ പ്രകാരം പ്രൊജക്ടുകൾക്കായി വകയിരുത്തിയ 15441420 രൂപ കഴിച്ച് 7267791 രൂപക്കുള്ള പ്രൊജക്ടുകൾ ആവിഷ്കരിക്കുക പോലും ചെയ്യാതെ പഞ്ചായത്തിന് നഷ്ടപ്പെട്ടതായി കാണുന്നു. പദ്ധതി ആസൂത്രണ മാനദണ്ഡങ്ങൾ പാലിച്ച് ലഭ്യമായ വിഭവങ്ങൾ ഉൾപ്പെടുത്തി പ്രൊജക്ടുകൾ ആവിഷ്കരിക്കുന്നതിൽ വന്ന വീഴ്ചയാണ് അപാകതകക്ക് കാരണമായത് . ലഭ്യമായ ധനകാര്യകമ്മീഷൻ ഗ്രാന്റ് വകയിരുത്തി പ്രൊജക്ടുകൾ ആവിഷ്കരിക്കാതെ 7267791 രൂപ നഷ്ടപ്പെടാനുണ്ടായ സാഹചര്യം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.ഫണ്ട് നഷ്ടം ഭരണസമിതിയുടെ ശ്രദ്ധയിൽ പെടുത്തുന്നു. അപാകതക്ക് വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

### 1-23 അടിസ്ഥാന ആവശ്യങ്ങൾ നിർവഹിക്കപ്പെടാതെ അഗതിരഹിത കേരളം പ്രൊജക്ട്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അശരണരും നിരാലംബരുമായ അഗതി കുടുംബങ്ങളെ കണ്ടെത്തി പുനരധിവസിപ്പിക്കുന്നതിന് കുടുബശ്രീ മുഖേന നടപ്പിലാക്കുന്ന ഏകീകൃത പദ്ധതിയായ അഗതിരഹിത കേരളം പ്രൊജക്ടിന് ചേളന്നൂർ പഞ്ചായത്ത് ഉൾപ്പെടെ കോഴിക്കോട് ജില്ലയിലെ 10

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അഗതിരഹിത കേരളം പദ്ധതിക്ക് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ ഉത്തരവ് നമ്പർ KS/L/513/19dt 9.319 പ്രകാരം അംഗീകാരം ലഭിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് തയ്യാറാക്കി അംഗീകാരം വാങ്ങിയ പദ്ധതിയിൽ 71 കുടുംബങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. പ്രൊജക്ടിന്റെ മൊത്തം അടങ്കൽ 18408850 രൂപയും ആയതിന് ചലഞ്ച് ഫണ്ടിനത്തിൽ 2944050 രൂപയും വകയിരുത്തിയിട്ടുണ്ട്. വകയിരുത്തിയ ചലഞ്ച് ഫണ്ടിന്റെ ആദ്യഗഡുവായി അനുവദിച്ച 981351 രൂപയിൽ മുൻ ആശ്രയ പദ്ധതികൾക്ക് അനുവദിച്ച തുകയിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന 596777 രൂപ കഴിച്ച് 384573 രൂപ മേൽ ഉത്തരവിൽ ഗ്രാമപഞ്ചായത്തിന് അനുവദിച്ചിട്ടുണ്ട്. 22-9.21 ൽ 981350 രൂപ രണ്ടാം ഗഡുവായും അനുവദിച്ചു. ചലഞ്ച് ഫണ്ട് വിനിയോഗിച്ച് അഗതി കുടുംബങ്ങൾക്ക് ഭക്ഷണ വിതരണം മാത്രമാണ് ഇതുവരെ നടന്നിട്ടുള്ളത്. ചലഞ്ച് ഫണ്ട് വിനിയോഗിക്കാവുന്ന ചികിത്സ, വിദ്യാഭ്യാസം എന്നിവ ആവശ്യമുള്ള കുടുബങ്ങൾ അഗതി രഹിത കേരളം പ്രൊജക്റ്റിൽ ഉണ്ടെന്നിരിക്കെ ആയതിനൊന്നും തുക ചെലവഴിച്ചു കാണുന്നില്ല.

വിവിധ സേവന പരിചരണ പാക്കേജ് ആവശ്യമുള്ള കുടുംബങ്ങളിൽ ഭവനം ഇല്ലാത്ത 24 കുടുബങ്ങളും, ഭവനപുനരുദ്ധാരണം ആവശ്യമുള്ള 35 കുടംബങ്ങളും, ഭൂരഹിതരായ 4 കുടുംബവും അഗതി കേരളം പദ്ധതിയിൽ ഉണ്ട്. കക്കൂസ്, കുടിവെള്ളം എന്നിവ ആവശ്യമുള്ള കുടുംബങ്ങളും ഉണ്ടെന്നിരിക്കെ എത്ര പേർക്ക് ഇത്തരം അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റപ്പെട്ടു എന്ന കണക്ക് പഞ്ചായത്തിൽ നിന്നും ലഭ്യമായിട്ടില്ല.

പ്രൊജക്ട് അംഗീകാരം ലഭിച്ച് 3 വർഷത്തിനകം പൂർത്തീകരിക്കാൻ ലക്ഷ്യം വെച്ച സേവനപരിചരണ പാക്കേജുകൾ അംഗീകാരം ലഭിച്ച് 3 വർഷ പൂർത്തിയാവാറായിട്ടും ഭക്ഷണ വിതരണം മാത്രമെ പ്രധാനമായും നടപ്പിലാക്കി കാണുന്നുള്ളൂ. സ.ഉ.എം. എസ്.126/18 ത.സ്വ.ഭ.വ.തി 14.9.18 പ്രകാരം ഭവന രഹിതരും വീട് നിർമ്മിക്കാൻ ആവശ്യത്തിന് സ്ഥലമുള്ളവരുമായ എല്ലാ അഗതി കുടുംബങ്ങളെയും ലൈഫ് പദ്ധതി ആനുകൂല്യം നൽകുമ്പോൾ പ്രഥമ പരിഗണന നൽകണമെന്ന നിർദ്ദേശം പഞ്ചായത്ത് പാലിച്ചതായി കാണുന്നില്ല. ഭവനം ആവശ്യങ്ങള്ള കുടുംബങ്ങളിൽ എത്രപേർ ലൈഫ് ഭവനപദ്ധ തിയിൽ ഉൾപ്പെട്ടിട്ടുണ്ടെന്നതിന്റെ കണക്ക് പഞ്ചായത്തിൽ നിന്നും ലഭ്യമായിട്ടില്ല. അഗതികൾക്ക് കിടപ്പാടം, കക്കൂസ്, വൈദ്യുതി, വെള്ളം എന്നീ അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റുന്നതിനും പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല.

അഗതി രഹിത കേരളം പ്രൊജക്ടുമായി ബന്ധപ്പെട്ട് ഓഡിറ്റിന്റെ ശ്രദ്ധയിൽ പെട്ട മറ്റ് അപാകതകൾ താഴെ ക്കൊടുക്കുന്നു.

1)അഗതി രഹിത കേരളം പദ്ധതിയുടെ ഫണ്ടുകളിൽ 10% ജില്ലാപഞ്ചായത്ത്, 15% ബ്ലോക്ക് പഞ്ചായത്ത് എന്നിവ വകയിരുത്തേണ്ടതാണെങ്കിലും പദ്ധതിക്ക് നാളിതുവരെ ജില്ലാ/ബ്ലോക്ക് പഞ്ചായത്തുകൾ തുകയൊന്നും വകയിരുത്തി കാണുന്നില്ല.

2)ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെയും വിലയിരുത്തൽ സമിതി പദ്ധതി നിർവഹണം ആരംഭിക്കുന്നതിന് മുമ്പായി കൂടേണ്ടതാണ്. കൂടാതെ പദ്ധതി ആരംഭിച്ച് ഓരോ മാസവും 10ാം തിയ്യതിക്ക് മുമ്പായി സമിതി യോഗം ചേർന്ന് പദ്ധതി അവലോകനം നടത്തി മിനുട്സിന്റെ പകർപ്പ് ജില്ലാമിഷൻ കോർഡിനേറ്റർക്ക് അയച്ചു നൽകേണ്ടതാണെങ്കിലും വിലയിരുത്തൽ സമിതി വർഷങ്ങളായി കൂടാതെ 28-4.22നാണ് യോഗം ചേർന്നിരിക്കുന്നത്. .

3)അഗതിരഹിതകേരളം പദ്ധതിയുടെ പ്രവർത്തനം നിരന്തരം വിലയിരുത്തുന്നതിനായി വിലയിരുത്തൽ സമിതിയിൽ ഒരു ഉപസമിതി രൂപീകരിക്കാൻ നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും അത്തരത്തിലൊരു ഉപസമിതി രൂപീകരിച്ചു കാണുന്നില്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കുന്നതോടൊപ്പം അഗതി രഹിത കേരളം ഗുണഭോക്താക്കൾക്ക് ആവശ്യമായ സേവന പരിചരണ പാക്കേജുകൾ നടപ്പിലാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-24 പൂരക പോഷകാഹാരം,ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ്- പ്രൊജക്റ്റുകൾക്ക് ആവശ്യമായ വിഹിതം വകയിരുത്തിയില്ല ,ലഭ്യമായ വിഹിതം മുഴുവൻ വിനിയോഗിച്ചില്ല.

ഐ.സി.ഡി.എസ്.സൂപ്പർ വൈസർ നിർവഹണം നടത്തിയ താഴെപ്പറയുന്ന പ്രൊജക്റ്റുകൾക്ക് ആവശ്യമായ തുക വകയിരുത്താത്തതിനാൽ പ്രൊജക്റ്റുകൾ പ്രകാരമുള്ള മുഴുവൻ ചെലവുകളും സാമ്പത്തിക വർഷത്തിൽ തന്നെ നിർവഹിക്കാൻ കഴിഞ്ഞിട്ടില്ല. ഇവ തുടർ വർഷത്തെ പ്രൊജക്റ്റിൽ നിന്നും ചെലവഴിക്കേണ്ടി വന്നിട്ടുണ്ട്. ആയതിന്റെ വിശദവിവരം താഴെക്കൊടുക്കുന്നു.

| പ്രൊജക്റ്റ് നമ്പർ/പേര് | വകയിരുത്തിയ തുക | ചെലവുതുക |
|---|---|---|
| 19/21-അങ്കണവാടി പോഷകാഹാര പദ്ധതി | 3400000 | 2388596 |
| 80/21-ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ്. | 2000000 | 2000000 |

അങ്കണവാടി പൂരക പോഷകാഹാര പദ്ധതി പ്രോജക്റ്റ് പ്രകാരം 1900000 രൂപ വികസന ഫണ്ട് വകയിരുത്തിയതിൽ 1836603 രൂപ ആദ്യമാസങ്ങളിൽ തന്നെ ചെലവഴിക്കപ്പെട്ടിട്ടുണ്ട്. കേന്ദ്രവിഹിതമിനത്തിൽ 1300000 രൂപ വകയിരുത്തിയതിൽ 401993 രൂപ മാത്രമെ വിനിയോഗിച്ചതായി കാണുന്നുള്ളൂ. ഐ.സി.ഡി.എസ് സെൻട്രൽ ഷെയർ ഇനത്തിൽ സാമ്പത്തിക വർഷാവസാനം 1263089 രൂപ നീക്കിയിരിപ്പുള്ളതായി ബാലൻസ് ഷീറ്റ് B4 പ്രകാരം കാണുന്നു. പൂരക പോഷകാഹാരം കേന്ദ്രവിഹിതമിനത്തിൽ ആവശ്യമായ ഫണ്ട് ലഭ്യമായിട്ടും ആയത് വിനിയോഗത്തിന് ലഭ്യമാക്കാത്തതിനാലും വകയിരുത്തിയ വികസനഫണ്ട് അപര്യാപ്തമായതിനാലും തൻവർഷത്തെ ചെലവുകളിൽ ഭക്ഷ്യധാന്യങ്ങളുടെ വിലയായി ഒക്ടോബർ മാസം മുതൽ സപ്ലൈകോക്ക് നൽകാനുള്ള 844386 രൂപയും T.H.R.S. ഇനത്തിൽ ഫെബ്രുവരി മാസത്തിൽ നൽകേണ്ട 183479 രൂപയും മറ്റ് ചെലവുകളും തുടർ വർഷത്തെ പ്രൊജക്റ്റിൽ നിന്നുമാണ് ചെലവഴിച്ചിരിക്കുന്നത്. അതേ പോലെതന്നെ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് ഇനത്തിൽ ജില്ലാ/ബ്ലോക്ക് പഞ്ചായത്ത് വിഹിതമുൾപ്പെടെ മുഴുവൻ തുകകളും ലഭ്യമായിട്ടും എല്ലാ ഗുണഭോക്താക്കൾക്കും അർഹമായ ആനുകൂല്യം നൽകാൻ കഴിഞ്ഞിട്ടില്ല. സാമ്പത്തിക വർഷത്തിൽ ആനുകൂല്യത്തിന് അർഹരായ 13 പേർക്ക് അർഹതപ്പെട്ട 285500 രൂപ തുടർ വർഷത്തെ പ്രൊജക്റ്റിലാണ് അനുവദിച്ചിരിക്കുന്നത്. സ.ഉ.നമ്പർ 11/2018/ത.സ്വ.ഭ.വ തി 29.1.18 ഖണ്ഡിക 5.21 പ്രകാരം വികസനഫണ്ടിൽ നിന്നും നിർബന്ധമായും ആവശ്യമായ വിഹിതം നീക്കിവെക്കേണ്ട ഇനങ്ങളിൽ അങ്കണവാടി പോഷകാഹാര വിതരണം, ഭിന്നശേഷി സ്കോളർഷിപ്പും ബത്തയും എന്നിവ ഉൾപ്പെടുന്നുണ്ട്. പ്രൊജക്റ്റുകൾക്ക് ആവശ്യമായ വിഹിതം വകയിരുത്താത്തതിനും പൂരക പോഷകാഹാര പ്രൊജക്റ്റിന് വകയിരുത്തിയ കേന്ദ്രവിഹിതം പഞ്ചായത്തിൽ ലഭ്യമായിരുന്നിട്ടും ആയത് വിനിയോഗിക്കപ്പെടാത്തതിനും കാരണം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് കാരണം വിശദമാക്കേണ്ടതാണ്.

1-25 സ്പിൽ ഓവർ പദ്ധതികൾ നടപ്പിലാവുന്നില്ല

ഗ്രാമപഞ്ചായത്തിന്റെ 2020-21 ചെലവ് പത്രിക, വിവിധ ഫയലുകൾ എന്നിവ പരിശോധിച്ചതിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കുന്നതിനായി അംഗീകാരം വാങ്ങിയിട്ടുള്ള ചില പദ്ധതികൾ ലക്ഷ്യം കൈവരിക്കാതെ ഉപേക്ഷിച്ചതായി കാണുന്നു. 19-20 വർഷത്തിൽ നിന്ന് സ്പിൽ ഓവർ ആയി വന്നിട്ടുള്ള താഴെ പറയുന്ന പദ്ധതികൾ 20-21 വർഷവും

നടപ്പിലാക്കിയിട്ടില്ല. വിശദവിവരം താഴെ ചേർക്കുന്നു

| പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | വകയിരുത്തിയ തുക | ഫണ്ടിനം |
|---|---|---|---|
| 258/20-21 | അംബേദ്കർ കുടിവെള്ളപദ്ധതി | 1009009 | എസ്.സി.പി(300000), ജില്ലാപഞ്ചായത്ത് (709009) |
| 267/20-21 | വൃദ്ധർക്ക് പകൽവീട് നിർമ്മാണം | 1500000 | വി. ഫണ്ട്(500000) ബ്ലോക്ക് പഞ്ചായത്ത്(1000000) |
| 276/20-21 | കാക്കുർമല കുടിവെള്ളപദ്ധതി | 214272 | ബ്ലോക്ക് പഞ്ചായത്ത് |
| 278/20-21 | നടുവിലക്കുന്ന് കുടിവെള്ളപദ്ധതി | 300000 | എസ്.സി.പി |
| 280/20-21 | തായോളിമീത്തൽ റോഡ് | 300000 | എസ്.സി.പി |

അതാത് വർഷം ആസൂത്രണം ചെയ്ത് നടപ്പാക്കേണ്ട പ്രോജക്ടുകൾ സ്പിൽ ഓവർ ആവുന്നതിന്റെയും ഇതേ പ്രോജക്ടുകൾ തുടർ വർഷങ്ങളിലും നടപ്പിലാക്കാത്തതിന്റെയും കാരണം വിശദീകരിക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് മറുപടി ലഭ്യമല്ല. പ്രോജക്ടുകൾ സ്പിൽ ഓവർ ആവുകയും തുടർന്ന് ഉപേക്ഷിക്കുകയും ചെയ്യുന്നത് പദ്ധതി ആസൂത്രണത്തിലെ പാളിച്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. വർക്കിംഗ് ഗ്രൂപ്പ് മിനുട്സ് പരിശോധിച്ചതിൽ പ്രോജക്ടുകളുടെ അവലോകനം ശരിയായ വിധത്തിൽ നടക്കുന്നില്ല എന്ന് കാണുന്നു. മുൻഗണനാടിസ്ഥാനത്തിൽ നടപ്പാക്കേണ്ട പ്രോജക്ടുകൾ തയ്യാറാക്കുന്നതിലും, നടപ്പാക്കുന്നതിലും വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും അതിന്റെ പരിധിയിൽ വരുന്ന വർക്കിംഗ് ഗ്രൂപ്പുകളുടെയും വിദഗ്ദരടങ്ങിയ സബ് കമ്മിറ്റികളുടേയും രൂപീകരണം, ചുമതലകളും ഉത്തരവാദിത്തങ്ങളും എന്നിവ കേരള പഞ്ചായത്ത് രാജ് നിയമം 162, 163, 164 വകുപ്പുകൾ പ്രകാരവും 2017-2022 കാലത്തെ 13-ാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിലും വ്യക്തമാക്കിയിട്ടുള്ളതാണ്. വികസന മേഖലകളുടെ അവസ്ഥാ വിശകലനം, മുൻകാലങ്ങളിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ വിലയിരുത്തൽ, വികസന പരിപ്രേക്ഷ്യം, വികസന ലക്ഷ്യങ്ങളും പ്രോജക്ട് ആശയങ്ങളും എന്നീ രീതിയിൽ വിശദമായ ഡാറ്റയുടെ അടിസ്ഥാനത്തിൽ വർക്കിംഗ് ഗ്രൂപ്പ് തയ്യാറാക്കുന്ന സ്റ്റാറ്റസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലായിരിക്കണം ഓരോ മേഖലയിലെയും പ്രോജക്ടുകൾക്ക് രൂപം നല്കേണ്ടത്. പദ്ധതികൾ നടപ്പിലാക്കാതെ പോകുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്.

### 1-26 പൊതുമരാമത്ത് പ്രവൃത്തികൾ -പൊതുഅപാകതകൾ

ചേളന്നൂർ പഞ്ചായത്തിൽ 20-21 സാമ്പത്തികവർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ പ്രൊജക്ടുകളുടെ രൂപീകരണം, മോണിറ്ററിംങ് എന്നിവയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു. ആകെ 186 പൊതുമരാമത്ത് പദ്ധതികളാണ് 20-21 വർഷം രൂപീകരിച്ചിട്ടുള്ളത്. ഇതിൽ 156

പദ്ധതികൾക്കാണ് തൻവർഷം തുക ചെലവഴിക്കാൻ കഴിഞ്ഞിട്ടുള്ളത്. ഇതിൽതന്നെ ഭൂരിഭാഗം പൊതുമരാമത്ത് പദ്ധതികളും ചെറിയ ചെയിനേജിലുള്ള റോഡ്, ഫുട്പാത്ത് നിർമ്മാണ പ്രവൃത്തികളാണ്. പ്രവൃത്തികളുടെ എണ്ണക്കൂടുതൽ കാരണം പദ്ധതികളുടെ നിർവ്വഹണത്തിലെ കാര്യക്ഷമത ഉറപ്പ് വരുത്താൻ കഴിയാതെ വരുന്നു. പൊതുമരാമത്ത് പ്രവൃത്തി ഫയലുകളിൽ പ്രവൃത്തി പൂർത്തീകരണം സംബന്ധിച്ച വർക്കിംഗ് ഗ്രൂപ്പിന്റെ മോണിറ്ററിംഗ് റിപ്പോർട്ട് ഇല്ല. 1997ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്)ചട്ടങ്ങൾ 17 പ്രകാരം പണികളുടെ സംക്ഷിപ്ത വിവരം ഗ്രാമസഭയിൽ വെക്കുകയും പണിസ്ഥലത്ത് പ്രദർശിപ്പിക്കുകയും വേണം. പദ്ധതി മോണിട്ടറിംഗ് നടത്താനുള്ള ചുമതല കൃത്യമായി നിർവ്വചിച്ച് വർക്കിംഗ് ഗ്രൂപ്പുകൾക്ക് നൽകിയിട്ടുണ്ട്. പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് മിനുട്സ് പരിശോധിച്ചതിൽ പഞ്ചായത്ത് 2020-21 കാലഘട്ടത്തിൽ മീറ്റിംഗ് ചേർന്നിട്ടില്ല എന്നുകാണുന്നു. പൊതുമരാമത്ത് പ്രൊജക്ട് നടപ്പിലാക്കുമ്പോൾ പാലിക്കേണ്ട മോണിട്ടറിംഗ് സംവിധാനത്തെക്കുറിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ ജി.ഒ(എം.എസ്)11/2018/ ത.സ്വ.ഭ.വ തി.29-01-2018 പ്രകാരം നൽകിയിട്ടുണ്ട്. മേൽ ഉത്തരവ് 11.2(6) അനുസരിച്ച് സുതാര്യതയും ഉത്തരവാദിത്തവും ഉറപ്പുവരുത്താൻ ഗുണഭോക്താക്കൾക്ക് പങ്കാളിത്തമുള്ള മോണിട്ടറിംഗ് സമിതി രൂപീകരിക്കണം. 13.1 അനുസരിച്ച് മോണിട്ടറിംഗ് സമിതി യോഗം ചേർന്ന് മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്. 13.5 അനുസരിച്ച് പ്രവൃത്തിയുടെ പേര്, വർഷം, കരാറുകാരന്റെയും എഞ്ചിനീയറുടേയും പേര്, ഫോൺ നമ്പർ, അടങ്കൽ തുക, പ്രവൃത്തി ഇനങ്ങൾ, ഉപയോഗിക്കേണ്ട സാധന സാമഗ്രികളുടെ അളവ് എന്നിവ പ്രവൃത്തി സ്ഥലത്ത് പ്രദർശിപ്പിക്കണം. പ്രവൃത്തി പൂർത്തിയായതിന് ശേഷം പേര്, വർഷം, ചെലവഴിച്ച തുക, ഫണ്ട് തുടങ്ങിയവയും പ്രദർശിപ്പിക്കണം. ഇതു സംബന്ധിച്ച് 19-20 ഓഡിറ്റിലും പരാമർശിച്ചിരുന്നെങ്കിലും അപാകതകൾ തുടരുന്നതായി കാണുന്നു. മേൽ അപാകതകൾക്ക് വിശദീകരിക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് മറുപടി ലഭ്യമല്ല. അപാകതകൾ ആവർത്തിക്കാതിരിക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്

## 1-27 എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലെ അപാകതകൾ

ഓഡിറ്റ് കാലയളവിൽ ചേളന്നൂർ പഞ്ചായത്തിൽ നടപ്പാക്കിയ പദ്ധതികളിൽ ഭൂരിഭാഗം പ്രവൃത്തികളും പല കാരണങ്ങളാൽ പുതുക്കുന്നതായി കാണുന്നു. ഈ പദ്ധതികളിലെല്ലാം എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങി പ്രോജക്ട് തയ്യാറാക്കുകയും, നിർവ്വഹണ സമയം എസ്റ്റിമേറ്റിൽ മാറ്റങ്ങൾ വരുത്തി പ്രവൃത്തികൾ നടത്തുകയും ചെയ്യുന്നു. ഇതിൽ നിന്ന് യഥാർത്ഥ ആവശ്യങ്ങൾ പരിഗണിച്ചല്ല പദ്ധതികൾ തയ്യാറാക്കുന്നതെന്നും യഥാർത്ഥ സ്ഥല പരിശോധനയുടെ അടിസ്ഥാനത്തിലല്ല എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നത് എന്നും വ്യക്തമാണ്. 21.6.18 ലെ ഇ20/6699/2018.സി.ഇ/ ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ കൃത്യമായി സ്ഥല സന്ദർശനം നടത്തി അതിനനുസൃതമായി പ്രവൃത്തി നിർവ്വഹണം നടത്തേണ്ടതാണെന്നും മുൻകൂർ അനുമതിയില്ലാതെ എസ്റ്റിമേറ്റിൽ വ്യതിയാനം വരുത്തി പ്രവൃത്തി നിർവ്വഹണം നടത്താൻ പാടില്ല എന്നും നിർദ്ദേശിക്കുന്നുണ്ട്. ചില പ്രവൃത്തികളിൽ പ്രവൃത്തി പൂർത്തീകരിച്ചതിനുശേഷം എസ്റ്റിമേറ്റ് റിവൈസ് ചെയ്തതായി കാണുന്നു. ഉദാഹരണമായി ഉണ്ണിച്ചാംവീട്ടിൽ കുടിവെള്ള പദ്ധതിയ്ക്ക് മോട്ടോർപമ്പ്ഹൗസ്, വൈദ്യുതീകരണം എന്ന പദ്ധതി ( 285/20-21) (എം ബുക്ക് - 293/19-20), 15.9.20 ന് പൂർത്തിയാക്കിയതായി മെഷർമെന്റ് ബുക്കിൽ അളവ് രേഖപ്പെടുത്തിയിട്ടുണ്ട്. നടന്ന പ്രവൃത്തികൾക്കനുസൃതമായി എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നത് ആയതിന് ശേഷം 19.9.20 (2/1 )തീയതിയിലെ ഭരണസമിതി തീരുമാന പ്രകാരമാണ്. ആവശ്യകതയ്ക്കനുസരിച്ച് മാത്രം പദ്ധതികൾ രൂപീകരിക്കേണ്ടതും, കൃത്യതയോടെ എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നുവെന്ന് നിർവ്വഹണോദ്യോഗസ്ഥൻ ഉറപ്പാക്കേണ്ടതുമാണ്. പദ്ധതികൾ രൂപീകരിച്ച് നിർവ്വഹണ ഘട്ടത്തിൽ മാറ്റങ്ങൾ ഉൾപ്പെടുത്തുന്ന രീതി തുടരുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

പല പ്രവൃത്തികളും പരിശോധിച്ചാൽ വിഭാവനം ചെയ്യുന്ന മുഴുവൻ പ്രവൃത്തികളും മുഴുവൻ അളവിൽ

നടപ്പാക്കുന്നില്ലായെന്ന് കാണാം. പ്രവൃത്തികൾ വിഭാവനം ചെയ്ത അളവിൽ ചെയ്യാതെ എസ്റ്റിമേറ്റിൽ നിന്നും വ്യതിചലിച്ച് നിർമ്മാണം നടത്തുന്നതു വഴി പുതിയ ഇനങ്ങൾ ഉൾപ്പെടുത്തേണ്ടി വരുന്നു. അതുമൂലം ആദ്യ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ പല പ്രവൃത്തികളും ഒഴിവാക്കേണ്ടിയും വരുന്നു. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് മറുപടി ലഭ്യമല്ല. തുടർവർഷങ്ങളിൽ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ മേൽ സൂചിപ്പിച്ച അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-28 ടെണ്ടർ ഫീ ഇനത്തിലുള്ള വരവ് പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടിയില്ല

ഗ്രാമപഞ്ചായത്തിന്റെ ഇ-ടെണ്ടർ ചെയ്യുന്ന പ്രവൃത്തികളുടെ ടെണ്ടർ ഫീ (ടെണ്ടർ ഫോറം വില) നിലവിൽ പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടപ്പെടുന്നില്ല. ഇ-ടെണ്ടർ നടപടികൾ തുടങ്ങിയ വർഷം മുതൽ നാളിതുവരെ ഈ ഇനത്തിലുള്ള വരവ് ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ ജില്ലാപഞ്ചായത്തിലുള്ള ബാങ്ക് അക്കൗണ്ടിലാണ് ക്രെഡിറ്റ് ചെയ്യപ്പെടുന്നത്. ഇ-ടെണ്ടർ ഫീ ഫയൽ പരിശോധിച്ചതിൽ 2020-21 വർഷത്തിൽ 20 പ്രവൃത്തികൾക്കായി ഇ-ടെണ്ടർ നടപടികൾ കൈകൊണ്ടതായി കാണുന്നു. പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ (അക്കൗണ്ട് നം. 37300382086 , S. B. I . കക്കോടി) അക്കൗണ്ട് തുടങ്ങിയിട്ടുണ്ടെങ്കിലും പ്രസ്തുത അക്കൌണ്ടിൽ ഇ-ടെണ്ടർ ഫീ ഇനത്തിൽ തുക വരവു വന്നതായി കാണുന്നില്ല. ഇ-ടെണ്ടർ ഫീ ഇനത്തിൽ ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും ഗ്രാമപഞ്ചായത്തിന് ലഭിക്കാനുള്ള തുക ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-29 ശുചിത്വം, മാലിന്യ സംസ്കരണ മേഖലയിൽ പ്രൊജക്ടുകൾ ആവിഷ്കരിച്ചുനടപ്പിലാക്കുന്നില്ല. വൻതുക ചെലവഴിക്കാതെ പഞ്ചായത്ത് ഫണ്ടിൽ അവശേഷിക്കുന്നു.

പഞ്ചായത്തിന്റെ വാർഷിക കണക്കു പ്രകാരം സമ്പൂർണ ശുചിത്വ പദ്ധതികൾക്കായി സാമ്പത്തിക വർഷത്തിൽ വരവുവന്ന 709500 രൂപ ഉൾപ്പെടെ 5489354 രൂപ ശുചിത്വമിഷൻ ഫണ്ടിനത്തിൽ ചെലവഴിക്കാതെ പഞ്ചായത്ത് ഫണ്ടിൽ അവശേഷിച്ചിരിക്കുന്നു. (ബാലൻഷീറ്റ് ഷെഡ്യൂൾഡ് B4 കാണുക). സാമ്പത്തിക വർഷത്തെ ചെലവു രേഖകൾ പരിശോധിച്ചതിൽ ശുചിത്വം, മാലിന്യ സംസ്കരണ മേഖലയിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി പൊതുശൗചാലയ നിർമ്മാണം, സ്കൂളുകൾക്ക് ടോയിലറ്റ് നിർമ്മാണം എന്നീ പ്രോജക്ടുകൾക്കായി 2526500 രൂപ (120000+1325000) ശുചിത്വ മിഷൻഫണ്ട് വകയിരുത്തിയിരുന്നെങ്കിലും ആയതിൽ നിന്നും പ്രസ്തുത പ്രൊജക്ടുകൾക്കായി തുകയൊന്നും ചെലവഴിച്ചു കാണുന്നില്ല. ശുചിത്വം, മാലിന്യ സംസ്കരണം മേഖലയിലുള്ള മറ്റ് പ്രൊജക്ടുകൾ നിർവഹണം നടത്തേണ്ട വി.ഇ.ഒ. നിർവഹണ ഉദ്യോഗസ്ഥനായി സാമ്പത്തിക വർഷത്തിൽ ശുചിത്വ മേഖലയിലോ, അജൈവ മാലിന്യ സംസ്കരണത്തിനോ ഉള്ള പ്രൊജക്ടുകൾക്കൊന്നും തന്നെ തുക വകയിരുത്തി ചെലവഴിച്ചു കാണുന്നില്ല. ആയതിനാൽ തന്നെ ശുചിത്വം മാലിന്യ സംസ്കരണ മേഖലയിലുള്ള പ്രൊജക്ടുകൾക്ക് വകയിരുത്തി ചെലവഴിക്കേണ്ട ശുചിത്വ മിഷൻ ഫണ്ടിനത്തിൽ വൻതുക ചെലവഴിക്കാതെ പഞ്ചായത്ത് ഫണ്ടിൽ അവശേഷിച്ചിരിക്കയാണ്. അപാകതക്ക് കാരണം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് കാരണം വിശദമാക്കേണ്ടതും നീക്കിയിരിപ്പുള്ള തുക വിനിയോഗിക്കാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-30 പദ്ധതി നിർവഹണം,മോണിട്ടറിംഗ് - ആവശ്യമായ തുക വകയിരുത്താത്തതിനാൽ പദ്ധതി ആസൂത്രണ നിർവഹണ ചെലവുകൾക്ക് തുക ചെലവഴിക്കാൻ കഴിഞ്ഞില്ല.

പ്രൊജക്ട് നമ്പർ- 31/21

വകയിരുത്തിയ തുക- 82000

ചെലവു തുക- 50000( Order No 372/20.3.21, 386/24.3.21)

ചേളന്നൂർ ഗ്രാമപഞ്ചായത്ത് 2020-21 വാർഷിക പദ്ധതി രൂപീകരണത്തിനും നിർവഹണം, മോണിട്ടറിംഗ് എന്നിവക്ക് തുക ചെലഴിക്കുന്നതിന് തയ്യാറാക്കിയ പ്രോജക്ട പ്രകാരം 190005 രൂപ പദ്ധതി വിഹിതവും 50000 രൂപ തനതുഫണ്ടുമാണ് വകയിരുത്തിയിരുന്നത്. ആയത് പിന്നീട് റിവൈസ് ചെയ്ത് 32000 രൂപ പദ്ധതി വിഹിതവും ,50000 രൂപ തനതുഫണ്ടുമായി കുറവ് ചെയ്തിട്ടുണ്ട്. സ.ഉ.നമ്പർ 11/18/ ത.സ്വ.ഭ.വ തി 29.1.18 ഖണ്ഡിക 8.4 പ്രകാരം ആകെ ലഭ്യമാകുന്ന വികസന ഫണ്ടിന്റെ അടിസ്ഥാനത്തിലാണ് പദ്ധതി ആസൂത്രണ നിർവഹണ മോണിട്ടറിംഗ് ചെലവുകൾക്ക് തുക വകയിരുത്തേണ്ടത്. സാമ്പത്തിക വർഷത്തിൽ വികസന ഫണ്ടിനത്തിൽ 2 കോടിയിൽ പരം രൂപ വരവുണ്ട്. ആയത് പ്രകാരം മേൽ ആവശ്യത്തിനായി ലഭ്യമാകുന്ന വികസന ഫണ്ടിന്റെ 3% പരമാവധി വിനിയോഗിക്കാവുന്ന 450000 രൂപ വകയിരുത്തി പഞ്ചായത്തിന് പ്രൊജക്ടുകൾ തയ്യാറാക്കാവുന്നതാണെങ്കിലും അപ്രകാരം ആവശ്യത്തിനാനുപാതികമായ പ്രൊജക്ട് തയ്യാറാക്കാതെ ആദ്യഘട്ടത്തിൽ രണ്ടര ലക്ഷത്തോളം രൂപ വകയിരുത്തി തയ്യാറാക്കിയ പ്രൊജക്ട് റിവൈസ് ചെയ്ത് 82000 രൂപയാക്കി മാറ്റുകയാണ് പഞ്ചായത്ത് ചെയ്തിരിക്കുന്നത്. പദ്ധതി പ്രവർത്തനങ്ങൾക്ക് ടെണ്ടർ നടപടികൾ സ്വീകരിച്ചത് മൂലം തൻവർഷം പത്രസ്ഥാപനങ്ങൾക്ക് മാത്രം 165391 രൂപ ചെലവു വരുന്നുണ്ട്. ആയതിൽ വകയിരുത്തി ഫണ്ടിന്റെ അപര്യാപ്തത മൂലം സാമ്പത്തിക വർഷത്തിൽ 50000 രൂപ ചെലവഴിക്കുന്നതിനുമാത്രമെ പഞ്ചായത്തിന് കഴിഞ്ഞിട്ടുള്ളൂ. പദ്ധതി ആസുത്രണത്തിന് സാമ്പത്തിക വർഷത്തിൽ വന്ന ചെലവുകൾക്ക് വകയിരുത്തിയ ഫണ്ടിന്റെ അപര്യാപ്തത മൂലവും വകയിരുത്തിയ വികസനഫണ്ട് ചെലവഴിക്കാൻ ലഭ്യമല്ലാത്തതിനാലും പദ്ധതി നിർവഹണ മോണിട്ടറിംഗ് ചെലവിനത്തിൽ സാമ്പത്തിക വർഷത്തിൽ വന്ന ചെലവുകളിൽ 50000 രൂപയുടെ ചെലവൊഴികെ മറ്റെല്ലാ ചെലവുകളും തുടർ വർഷത്തെ (2020-21) പ്രൊജക്ടിൽ നിന്നും ചെലഴിക്കേണ്ടി വന്നിട്ടുണ്ട്. പദ്ധതി ആസൂത്രണ, നിർവഹണ ചെലവുകൾക്ക് മതിയായ തുക വകയിരുത്തി ചെലവു ചെയ്യാത്തതിന് കാരണം വിശദമാക്കേണ്ടതാണ്.

## 1-31 സ്പെഷൽ സ്കൂൾ പ്രവർത്തകർക്ക് ഹൊണറേറിയം- ടീച്ചർ , ആയ എന്നിവർക്ക് അർഹമായ വേതനം അനുവദിക്കുന്നില്ല.

പ്രൊജക്ട് നമ്പർ- 241/21

വകയിരുത്തിയ തുക- 350000(വികസനഫണ്ട്)

ചെലവു തുക- 90000( Order No -140/9.11.20)

നിർവഹണം -ഐ.സി.ഡി.എസ്.സൂപ്പർ വൈസർ

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ബഡ്സ് സ്കൂളിലെ ടീച്ചർ, ആയ എന്നിവർക്ക് സർക്കാർ നിർദ്ദേശിച്ച ഹോണറേറിയം നൽകുന്നതിനുള്ളതാണ് പ്രൊജക്ട്. പ്രൊജക്ട് പ്രകാരം ബഡ്സ് സ്കൂൾ ടീച്ചർക്ക് പ്രതിമാസം 12000 രൂപ വീതം ജൂൺ മാസം മുതൽ ഒക്ടോബർ മാസം വരെ 60000 രൂപയും, ആയക്ക് മേൽ കാലയളവിൽ 6000 രൂപ വീതം 30000 രൂപയും അനുവദിച്ചിട്ടുണ്ട്. തുടർന്ന് പ്രൊജക്ടിൽ നിന്നും ആനുകൂല്യം നൽകി കാണുന്നില്ല. സ.ഉ.നമ്പർ 81/2019/ധനം . തിയ്യതി 9.7.2019 പ്രകാരം നിശ്ചിത യോഗ്യതയുള്ള ബഡ്സ്/ ബി.ആർ.സി. അദ്ധ്യാപകർക്ക് പ്രതിമാസ കരാർ വേതനം 31920 രൂപയായി നിർണയിച്ചിട്ടുണ്ട്. (നിശ്ചിത യോഗ്യതയുള്ള അദ്ധ്യാപികയാണ് സ്ഥാപനത്തിൽ ജോലി ചെയ്യുന്നത്). അതേ പോലെതന്നെ കരാറടിസ്ഥാനത്തിൽ ജോലിചെയ്യുന്ന ആയമാർക്ക് പ്രതിമാസ വേതനം 17325 രൂപയായും നിർണ്ണയിച്ചിട്ടുണ്ട്. എന്നാൽ ജീവനക്കാർക്ക് അർഹമായ വേതനം നൽകിയില്ലെന്ന് മാത്രമല്ല നവംബർ മാസം മുതൽ മാർച്ച് വരെ നിലവിൽ നൽകികൊണ്ടിരിക്കുന്ന വേതനം പോലും നൽകിയതായും കാണുന്നില്ല. അപാകതകൾക്ക് കാരണം വിശദമാക്കേണ്ടതും മേൽ ജീവനക്കാർക്ക് അർഹമായ വേതനം നൽകാൻ നടപടികൾ കൈകൊള്ളേണ്ടതാണ്.

1-32 വീട് വാസയോഗ്യമാക്കൽ - ഗുണഭോക്താക്കൾക്ക് അർഹമായ ആനുകൂല്യം ലഭ്യമാക്കിയില്ല.

പ്രൊജക്ട് നമ്പർ - 4/21

വകയിരുത്തിയ തുക - 1260000

ചെലവു തുക - 975000

നിർവഹണം - വി.ഇ.ഒ

വി.ഇ.ഒ. നിർവഹണ ഉദ്യോഗസ്ഥനായി വീട് വാസയോഗ്യമാക്കൽ പ്രൊജക്ട് പ്രകാരം 42 ഗുണഭോക്താക്കൾക്ക് 30000 രൂപ വീതം ആനുകൂല്യം ലഭ്യമാക്കുന്നതിനാണ് തുക വകയിരുത്തിയിരിക്കുന്നത്. ആയത് പ്രകാരം നാൽപത് പേർക്ക് ധനസഹായമിനത്തിൽ 975000 രൂപ സാമ്പത്തിക വർഷത്തിൽ ചെലവഴിച്ചിട്ടുണ്ട്.(14പേർക്ക് അവസാനഗഡു 2021-22 സാമ്പത്തിക വർഷത്തിൽ ചെലവഴിച്ചു). സ.ഉ.നമ്പർ 22/18/ത.സ്വ.ഭ.വ തി 14.2.18 ഖണ്ഡിക 6.7 പ്രകാരം വാസയോഗ്യമല്ലാത്ത വീട് വാസയോഗ്യമാക്കുന്നതിന് പൊതുവിഭാഗത്തിന് 100000 രൂപ വീതം ധനസഹായം അനുവദിക്കാവുന്നതാണ്. മേൽ സർക്കാർ ഉത്തരവ് ഖണ്ഡിക 6 പ്രകാരം സബ്സിഡി തുക മാർഗരേഖയിൽ നിഷ്കർഷിച്ചതിൽ അധികരിക്കാതെ നിശ്ചയിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് സ്വാതന്ത്ര്യമുണ്ടെങ്കിലും അനുവദനീയമായ തുകയുടെ 30% മാത്രം അനുവദിച്ചതുവഴി അർഹതപ്പെട്ട പല ഗുണഭോക്താക്കൾക്കും വീട് വാസയോഗ്യമാക്കൽ പ്രവൃത്തി ഏറ്റെടുക്കാൻ കഴിയാതെ വന്നു. ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കളുടെ അപേക്ഷകൾ പരിശോധിച്ചതിൽ ഭൂരിഭാഗം അപേക്ഷകളിലും ഒരുലക്ഷം രൂപവരെയുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുകയും അത്രയും തുകക്കുള്ള വാല്വേഷൻ സർട്ടിഫിക്കറ്റ് അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരം ഗുണഭോക്താക്കൾക്കാണ് കേവലം 30000 രൂപ മാത്രം ആനുകൂല്യം അനുവദിച്ചിരിക്കുന്നത്. ഗുണഭോക്താക്കൾക്ക് അർഹതപ്പെട്ട തുക വകയിരുത്തി പ്രൊജക്ട് തയ്യാറാക്കാതിരുന്നതിന്റെ കാരണം വിശദമാക്കേണ്ടതാണ്.

1-33 ജില്ലാ/ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനത്തിൽ മുൻ വർഷങ്ങളിൽ ലഭിച്ചതുംചെലവഴിക്കാതെ അവശേഷിക്കുന്നതുമായ തുക തിരിച്ചടവാക്കുന്നില്ല .

സാമ്പത്തിക വർഷത്തെ ഗ്രാമപഞ്ചായത്തിന്റെ വാർഷിക ധനകാര്യപത്രിക ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B4 പ്രകാരം സംയുക്ത പ്രൊജക്ടുകൾക്കായി മുൻ വർഷങ്ങളിൽ ലഭ്യമായതും ചെലവഴിക്കാതെ അവശേഷിക്കുന്നതുമായ ജില്ലാ/ ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനത്തിൽ 2312865 രൂപ ബാധ്യതയായി കാണിച്ചിട്ടുണ്ട്. ആയത് മുൻ സാമ്പത്തിക വർഷങ്ങളിൽ ബ്ലോക്ക്/ജില്ലാ പഞ്ചായത്ത് വിഹിതമിനത്തിൽ വരവു വന്ന തുകയിൽ ചെലവഴിക്കാതെ അവശേഷിച്ച തുകയാണ്. ആയതിൽ 709009 രൂപ ജില്ലാപഞ്ചായത്ത് വിഹിതമിനത്തിലും 1603856 രൂപ ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനത്തിലും വിവിധ പ്രൊജക്ടുകൾക്കായി വരവുവന്ന തുകകളാണ്. മേൽ തുകകൾ ഏതെല്ലാം പ്രൊജക്ടുകൾക്കായി വന്ന തുകയാണെന്നോ, ആയതിൽ എത്ര രൂപ 21-22 സാമ്പത്തിക വർഷത്തിൽ ചെലവഴിക്കപ്പെട്ടെന്നോ, നിലവിൽ എത്ര രൂപ അവശേഷിക്കുന്നുണ്ടെന്നോ ഉള്ളതിന്റെ കൃത്യമായ കണക്ക് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. സംയുക്ത പ്രൊജക്ടുകൾക്കായി വന്ന ജില്ലാ/ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനത്തിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന ജില്ലാ/ ബ്ലോക്ക് പഞ്ചായത്ത് വിഹിതം തിരികെ അടവാക്കാത്തതിന്റെ കാരണം വിശദമാക്കേണ്ടതും തുക ബന്ധപ്പെട്ട ഹെഡിൽ തിരികെ അടവാക്കേണ്ടതുമാണ്.

1-34 കുടിവെള്ളപദ്ധതികൾ നിഷ്ക്രിയ ആസ്തിയായി തുടരുന്നു

ചേളന്നൂർ ഗ്രാമപഞ്ചായത്തിൽ 20-21 ലെ കുടിവെള്ള പദ്ധതികളുടെ വിശദാംശങ്ങൾ പരിശോധിച്ചതിൽ താഴെ പറയുന്ന പദ്ധതികൾ പ്രയോജന പ്രദമാക്കാതെ നിഷ്ക്രിയ ആസ്തിയായി

തുടരുന്നതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു

| | | | |
|---|---|---|---|
| പ്രൊജക്ടിന്റെ നമ്പർ, പേര് | 1) ഞാറക്കാട് കുടിവെള്ള പദ്ധതി നവീകരണം 287/21 (SO) | 2) ഉണ്ണിച്ചാംവീട്ടിൽ കുടിവെള്ളപദ്ധതിയ്ക്ക് മോട്ടോർപമ്പ്ഹൗസ് വൈദ്യുതീകരണം 285/21 (SO) | 3)കുറുക്കൻകുന്നുമ്മൽ കുടിവെള്ളപദ്ധതി പൂർത്തീകരണം 25/21 (SO) |
| വകയിരുത്തിയ തുക | 150000/- ( SCP-വി. ഫണ്ട്) | 200000/- ധനകാര്യകമ്മീഷൻ അവാർഡ്.) | 400000/- ധനകാര്യ കമ്മീഷൻ അവാർഡ്.) |
| ചെലവഴിച്ച തുക, ബിൽ നമ്പർ, തിയ്യതി | 81000/- (65/19.04.20) | 200000/- (80/30. 1.21) | 295488. - (127/29.3.21,86/ 20.2.21) |
| കോൺട്രാക്ടർ | റിഥു.എം.വി (M.Book- 305/19-20) | അബ്ദുൾഹക്കീം. (M.Book.292,293,296/19-20.) | അഷ്റഫ്. വി. (M.book.299/19-20 വള്ളിൽബാബു. M.Book.55/20 |
| എഗ്രിമെന്റ് നമ്പർ | AE/C.H.N.R /05/20-21 Dt.17.06. 20 | AE/C.H.N.R/01/20-21dt.11.6. 20 | AE/C.H.N.R/82/ 19-20/28.2.20, AE/C.H.N.R/15/ 20-21/25.8.20, |

ഇതിൽ ഒന്നാമത്തെ പദ്ധതിയ്ക്ക് ടാങ്കിനുള്ളിൽ ടൈൽ പതിക്കുകയും, ഗ്രിൽ ഇട്ട് പെയിന്റ് അടിക്കുകയും ചെയ്യുന്ന പ്രവർത്തി യാണ് 20-21 ൽ ചെയ്തിട്ടുള്ളത്. ഓഡിറ്റ് പിരീഡ് വരെ പദ്ധതിയ്ക്ക് വൈദ്യുതികണക്ഷൻ, മോട്ടോർ എന്നിവ ലഭ്യമായിട്ടില്ല. അതുകൊണ്ട് തന്നെ പദ്ധതിയുടെ പ്രയോജനം ഗുണഭോക്താക്കൾക്ക് ലഭ്യമല്ല. ക്രമനം.2 പ്രകാരമുള്ള ഉണ്ണിച്ചാംവീട്ടിൽ കുടിവെള്ള പദ്ധതിയുടെ പമ്പ്ഹൗസ് നിർമ്മാണവും, പൈപ്പിടൽ പ്രവൃത്തിയും 20-21 ൽ പൂർത്തിയാക്കി. വൈദ്യുതി കണക്ഷൻ, മോട്ടോർ എന്നിവ ലഭ്യമല്ലാത്തതിനാൽ നിലവിൽ നിഷ്ക്രിയ ആസ്തിയായി തുടരുന്നു. ക്രമനം .3 പ്രകാരമുള്ള കുറുക്കൻ കുന്നുമ്മൽ കുടിവെള്ള പദ്ധതിയ്ക്ക് പെപ്പ് ലൈൻ സ്ഥാപിക്കൽ, ടാങ്കിന് ഗ്രില്ല് , മോട്ടോർ, പമ്പ്സെറ്റ് എന്നിവ 20-21 ൽ പൂർത്തിയാക്കി. വൈദ്യുതി കണക്ഷൻ ലഭ്യമല്ലാത്തതിനാൽ പ്രവർത്തനക്ഷമമല്ല.

മേൽ സൂചിപ്പിച്ച പദ്ധതികളിൽ ഓഡിറ്റ് ടീം 28.6.22 ന് സന്ദർശിച്ചതിൽ നിന്നും കുടിവെള്ള പദ്ധതികൾ സംബന്ധിച്ച് സാധ്യതാപഠനം നടത്തി പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ തുക വകയിരുത്തി സമഗ്രമായി പ്രോജക്ട് തയ്യാറാക്കുന്നതിൽ പഞ്ചായത്ത് വിജയിച്ചിട്ടില്ല എന്ന് കാണുന്നു. അതുകൊണ്ട് തന്നെ മേൽ പദ്ധതികൾ ഓഡിറ്റ് പിരീഡ് വരെ ഗുണഭോക്താക്കൾക്ക്

പ്രയോജനപ്പെടുത്താൻ സാധിച്ചിട്ടില്ല. കൂടാതെ പൂർത്തിയാക്കിയ പദ്ധതികൾക്ക് സമയബന്ധിതമായി വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിലും പഞ്ചായത്ത് വിജയിച്ചിട്ടില്ല എന്ന് കാണുന്നു. കുടിവെള്ള പദ്ധതികൾ ലക്ഷ്യം കാണാതെ പദ്ധതിപണം പാഴ് ചെലവ് ആകുന്നതിന് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതികൾ ഗുണഭോക്താക്കൾക്ക് പ്രയോജന പ്രദമാക്കാനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തി അറിയിക്കേണ്ടതാണ്.

## 1-35 വനിതാ ഘടകപദ്ധതി - പദ്ധതികൾ രൂപീകരിച്ചതിൽ അപാകത

വനിതാ ഘടക പദ്ധതിയിലുൾപ്പെടുത്തി താഴെ കൊടുത്തിരിക്കും പ്രകാരം 20-21 വർഷത്തിൽ കൃഷി ഓഫീസർ പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ/പേര് | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|
| 1 | 22/എസ്. ടി വനിതകൾക്ക് വാഴകൃഷി | 5015 (വികസന ഫണ്ട് ടി.എസ്.പി) | 1445 |
| 2 | 16/21 സുഫലം ഫലവൃക്ഷതൈ വിതരണം ടി.എസ്.പി വനിത | 5100(വികസന ഫണ്ട് ടി.എസ്.പി) + 1700 (ഗുണഭോക്തൃ വിഹിതം)= 6800 | 5100+1700= 6800 |
| 3 | 15/21 സുഫലം ഫലവൃക്ഷതൈ വിതരണം എസ്. സി.പി വനിത | 50100(വികസന ഫണ്ട് ടി.എസ്.പി) +16700 (ഗുണഭോക്തൃ വിഹിതം)= 66800 | 46200+15400= 61600 |
| 4 | 14/21 സുഫലം ഫലവൃക്ഷതൈ വിതരണം വനിത | 204900(വികസന ഫണ്ട്)+33000(ജില്ലാ പഞ്ചായത്ത് വിഹിതം) +79300 (ഗുണഭോക്തൃ വിഹിതം)= 66800 | 193200+33000+75400= 301600 |
| 5 | 19/21 വാഴകൃഷി വനിത | 162095(വികസന ഫണ്ട്) | 162095 |
| 6 | 179/21(സ്പിൽ ഓവർ) പച്ചക്കറി | 250000(വികസന ഫണ്ട്)+2900(ഗുണഭോക്തൃ വിഹിതം ) = 252900 | 243000 |

| | | | |
|---|---|---|---|
| | കൃഷി ഗ്രോബാഗ് (വനിത) | | |
| 7 | 178/21 (സ്പിൽ ഓവർ) ഇടവിളകൃഷി (വനിത) | 335000(വികസന ഫണ്ട്) | 335000 |

പദ്ധതി രൂപീകരണത്തിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1)സ.ഉ (കൈ)നം.11/2018/തസ്വഭവ.തീ.29.1.2018 ഖണ്ഡിക 5.4.1(10)പ്രകാരം വികസനഫണ്ടിന്റെ 10% തുക വനിതാ ഘടക പദ്ധതിക്ക് വകയിരുത്തണം. ഖണ്ഡിക 6.3 പ്രകാരം സ്ത്രീകളുടെ തൊഴിലും വരുമാനവും വർദ്ധിപ്പിക്കുന്ന പ്രവർത്തനങ്ങളായിരിക്കണം വനിതാഘടക പദ്ധതിയിൽ ലക്ഷ്യമിടേണ്ടത്. വനിതാ ഘടക പദ്ധതികൾ നടപ്പിലാക്കേണ്ട ചുമതല കൃഷി ഓഫീസർക്കല്ല. സ്ത്രീകൾക്കും പുരുഷന്മാർക്കും ഒരുപോലെ പ്രയോജനം ലഭിക്കുന്ന പ്രൊജക്ടുകൾ വനിതാഘടക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതല്ല. സ്ത്രീകളുടെ തൊഴിൽ, വരുമാന വർദ്ധനവിനായി സ്വയം തൊഴിൽ സംരംഭങ്ങൾക്ക് പുറമെ സ്ത്രീകളുടെ ലേബർബാങ്ക്, വിപണന കേന്ദ്രങ്ങൾ, ലാബ് ടെക്നീഷ്യൻ കോഴ്സ് പാസ്സായിട്ടുള്ള വനിതകൾക്ക് ഗ്രൂപ്പ് അടിസ്ഥാനത്തിൽ ലബോറട്ടറികൾ ആരംഭിക്കുന്നതിന് പ്രോത്സാഹനം, സ്ത്രീകൾക്കും പെൺകുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ നേരിടുന്നതിന് അനുയോജ്യമായ പ്രൊജക്ടുകൾ, സ്കൂളുകളിൽ പെൺകുട്ടികളുടെ സൗകര്യാർത്ഥം നാപ്കിൻ വെൻഡിംഗ് യൂണിറ്റുകൾ സ്ഥാപിക്കൽ, പ്രതിരോധ പരിശീലന പരിപാടികളായ തായ്ക്കൊണ്ട, ജൂഡോ, കരാട്ടെ, യോഗ എന്നിവയിൽ പരിശീലനങ്ങൾ നൽകൽ തുടങ്ങിയവയാണ് വനിതാഘടക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നവ. കാർഷികമേഖലയിൽ വനിതകൾക്കുള്ള സബ്സിഡി വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതല്ല.

അപാകതയ്ക്ക് മറുപടി നൽകേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (5/28-6-22) മറുപടി നൽകിയിട്ടില്ല. ഭാവിയിൽ ഇപ്രകാരമുള്ള പദ്ധതികൾ നടപ്പിലാക്കുമ്പോൾ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 എസ്.സി. വിഭാഗത്തിന് കുടിവെള്ള ടാങ്ക് വാങ്ങി നൽകൽ - സബ് സിഡിയിനത്തിൽ അധിക തുക ചെലവഴിച്ചു.

| | |
|---|---|
| പ്രൊജക്ട് | 6/21 എസ്.സി. വിഭാഗത്തിന് കുടിവെള്ള ടാങ്ക് വാങ്ങി നൽകൽ |

| | |
|---|---|
| | |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| അടങ്കൽ | 201000(വികസന ഫണ്ട്) + 50250 ( ഗുണഭോക്തൃ വിഹിതം) = 251250 |
| ചെലവ് | 137700+41769= 179469 (വികസന ഫണ്ട്)<br>4350+45900= 50250 (ഗുണഭോക്തൃ വിഹിതം)<br>ആകെ 229719 |
| ബിൽ നമ്പർ/ ചെക്ക് നമ്പർ | 12/17-3-21,14/31-3-21<br>2116857/16-3-21,2116934/31-3-21 |

പ്രോജക്ട് പ്രകാരം എസ്.സി. വിഭാഗത്തിന് കുടിവെള്ള ടാങ്ക് വാങ്ങുന്നതിനായി ടെണ്ടർ ക്ഷണിച്ചത് പ്രകാരം കിസാൻ എക്സൽ പ്രൈവറ്റ് ലിമിറ്റഡ്, കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്നും 9-2-2021 ലെ 2/1 ഭരണസമിതി തീരുമാന പ്രകാരം ഒന്നിന് 3400 രൂപ എന്ന നിരക്കിൽ 500 ലിറ്റർ കപ്പാസിറ്റിയുള്ള 69 ലോട്ടസ് പി.വി.സി വാട്ടർ ടാങ്ക് വാങ്ങി നൽകിയിട്ടുണ്ട്. പ്രോജക്ട് നിർവ്വഹണത്തിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

1.സ്ഥാപനത്തിൽ നിന്നും ഇൻകം ടാക്സ് ഈടാക്കാതെ വികസഫണ്ടിൽ നിന്നും പിൻവലിച്ച് നൽകിയതിനാൽ സബ്സിഡിയിനത്തിൽ അധിക തുക ചെലവഴിച്ചു.

ടാങ്ക് ഒന്നിന് 3400 രൂപ എന്ന നിരക്കിൽ 69 വാട്ടർ ടാങ്കിന് സ്ഥാപനം നൽകിയ കാഷ് ബില്ലുകൾ പ്രകാരം( ടാക്സ് ഇൻവോയ്സ് നമ്പർ(1)G20-21/5560/ 29-3-21,(2)G20-21/5246/3-3-21) ജി.എസ്.ടി ഉൾപ്പെടെ 234600 രൂപ വിലയുണ്ട്. സ.ഉ (കൈ)നം.22/2018,ത.സ്വ.ഭ.വ തീയ്യതി:14-2-2018 സബ്സിഡി മാർഗ്ഗരേഖ ഖ.6.6 പ്രകാരം പട്ടികജാതി/ പട്ടിക വർഗ്ഗത്തിന് പി.വി.സി വാട്ടർ ടാങ്കിന് അനുവദിക്കാവുന്ന സബ്സിഡി നിരക്ക് 75% ആണ്. അപ്രകാരം വാട്ടർ ടാങ്കിന് അനുവദിക്കാവുന്ന സബ്സിഡി 175950(234600x75%) രൂപയാണ്. എന്നാൽ ഇവിടെ 179469 രൂപ വികസന ഫണ്ടിൽ നിന്നും പിൻവലിച്ചതു വഴി 3519 രൂപ സബ്സിഡിയിനത്തിൽ അധികം ചെലവഴിച്ചിട്ടുണ്ട്. ഇൻകം ടാക്സിനത്തിലുള്ള തുക സ്ഥാപനത്തിന് നൽകേണ്ട തുകയിൽ കുറവു ചെയ്യേണ്ടതിനു പകരം വികസന ഫണ്ടിൽ നിന്നും പിൻവലിച്ച് നൽകിയതു വഴിയാണ് അധികമായി വികസന ഫണ്ട് ചെലവഴിക്കാനിടയായത്.

2. സ്ഥാപനത്തിന് അധികം തുക നൽകി.

കിസാൻ എക്സൽ പ്രൈവറ്റ് ലിമിറ്റഡിന്റെ കാഷ് ബില്ലുകൾ പ്രകാരം 234600 രൂപയാണ് 69 വാട്ടർടാങ്കുകളുടെ വില. ഇതിൽ നിന്നും ഐ.ടി 3519 രൂപ കുറച്ച് 231081 രൂപയാണ് സ്ഥാപനത്തിന് നൽകേണ്ടത്. ഒരു ടാങ്കിന്റെ വിലയായ 3400 രൂപയുടെ 25% ആയ 850 രൂപ 69 ഗുണഭോക്താക്കളിൽ നിന്നും പിരിച്ച് 20-21 വർഷം തന്നെ അസിസ്റ്റന്റ് സെക്രട്ടറി തനതു ഫണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. 2020-21 ൽ 226200 രൂപ (229719-3519) സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. 201000 രൂപ വികസന ഫണ്ട് വകയിരുത്തിയതിന് ആനുപാതികമായി 25% ഗുണഭോക്തൃ വിഹിതമായ 67000 രൂപ (268000x75%=201000, 268000x 25%=67000) പ്രോജക്ടിൽ വകയിരുത്തേണ്ടതിന് പകരം 50250 രൂപയാണ് വകയിരുത്തിയത്. ആയതിനാൽ ഗുണഭോക്തൃ വിഹിതമിനത്തിൽ പിരിച്ചെടുത്ത തുകയിൽ 8400 രൂപ(69x850=58650-50250) തൻവർഷം ചെലവഴിക്കാൻ സാധിക്കാതെ തനതുഫണ്ടിൽ തന്നെ വയ്ക്കുകയും 2021-22 ൽ 17-11-21 തീയ്യതിയിലെ 22100458 നമ്പർ വൗച്ചർ പ്രകാരം നൽകാൻ ബാക്കിയുള്ള 8400 രൂപ കൂടി പിൻവലിച്ച് സ്ഥാപനത്തിന് നൽകുകയും ചെയ്തിട്ടുണ്ട്. ഇതുപ്രകാരം സ്ഥാപനത്തിന്

ആകെ 234600 രൂപ(226200+8400) നൽകിയിട്ടുണ്ട്. ഇൻകം ടാക്സിനത്തിൽ ഈടാക്കേണ്ട 3519 രൂപ (234600-231081) സ്ഥാപനത്തിന് അധികമായി നൽകിയിട്ടുണ്ട്.

അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ എൻക്വയറിക്ക് (3/28-6-22) മറുപടി നൽകിയിട്ടില്ല. വികസന ഫണ്ടിൽ നിന്നും അധികം പിൻവലിച്ച 3519 രൂപ ഉത്തരവാദിയായ അസിസ്റ്റന്റ് സെക്രട്ടറിയിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട ഹെഡ്ഡിൽ തിരിച്ചടവാക്കി അറിയിക്കേണ്ടതാണ്.

3-2 പ്രവൃത്തി പൂർത്തീകരിക്കാൻ കാലതാമസം - പിഴ ഈടാക്കിയില്ല

ചേളന്നൂർ പഞ്ചായത്തിൽ 20-21 സാമ്പത്തിക വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ താഴെപ്പറയുന്ന പൊതുമരാമത്ത് പ്രവൃത്തിയിൽ പ്രവൃത്തി പൂർത്തീകരണം വൈകിയിട്ടുണ്ട്. കരാർ പ്രകാരം പ്രവൃത്തികൾ പൂർത്തീകരിയ്ക്കാത്തതിന് കരാറുകാരനിൽ നിന്ന് നിയമാനുസൃതം പിഴ ഈടാക്കാതെ ഇളവ് അനുവദിച്ചതായി കാണുന്നു. വിശദാംശങ്ങളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

| ക്രമ നം | പ്രോജക്ട് | ഓഡിറ്റ് വർഷത്തെ ചെലവ് | കരാറുകാരൻ, അഗ്രി. നമ്പർ, തിയ്യതി, എം. ബുക്ക് നമ്പർ | ടി. എസ് പ്രകാരം പ്രവൃത്തി പൂർത്തീകരണ കാലയളവ്, സൈറ്റ് കൈമാറിയ തിയ്യതി, പ്രവൃത്തി പൂർത്തിയാക്കിയ തിയ്യതി | ഈടാക്കേണ്ട പിഴ |
|---|---|---|---|---|---|
| 1 | 245/20-21 (So)<br>അരങ്ങാട്ട് മീത്തൽമുതുകാട്കുന്ന് റോഡ് | 500000<br>(മെ.ഫണ്ട്.റോഡ് )<br>ബിൽ നം.2/16.4.20 | AE/C.H.R /79/18-19. 30.12.18.<br>Mbook. 14 /17-18 | 6 മാസം<br>30.12.18<br>29.2.20 | പി. എ. സി<br>തുക 600000 രൂപയുടെ |

| | | | | | |
|---|---|---|---|---|---|
| | | | | | (3%) രൂപ 18000 |
| 2 | 176/20-21 പി.എച്ച്.സി കെട്ടിടവിപുലീകരണം. | 904140 മെയിന്റനൻസ് ഫണ്ട് (റോഡിതരം) ബിൽ നം. 18/20-21/27.4.20 | AE/C.H. N.R/80/18-19/ 31.12.18 Mbook. 7/ 17-18 | 8മാസം 31.12.18 6.12.19 | പി. എ. സി തുക 927601 രൂപയുടെ (3%) 27828രൂപ |
| 3 | 259/20-21 അമ്പലത്ത്കുളങ്ങര – പുളിമ്പസാർറോഡ് കെട്ട് മെയിന്റനൻസ് | 381791 ( മെ.ഫണ്ട്.റോഡ് ) ബിൽ നം.48/9.11.20 | AE/C.H. N.R/32/19-20/ 13.11.19 Mbook. 1/ 17-18 | 6മാസം 13.11.19 22.7.20 | പി. എ. സി തുക 400000 രൂപയുടെ (3%) 12000രൂപ |
| 4 | 279/20-21 അമ്പലപ്പാട്-ചേപ്പാക്കുനിയിൽറോഡ് | 200000 ധനകാര്യകമ്മീഷൻ അവാർഡ് 58/20-21/20.11.20 | AE/C.H. N.R/1/19-20/ 30.9.19 Mbook. 282/ 19-20 | 3മാസം 30.9.19 4.5.20 | പി.എ.സി തുക 200000 രൂപയുടെ (3%) 6000 രൂപ |
| | | | | ആകെ | 63828 |

1.2.2012 തീയ്യതിയിലെ ജി.ഒ.(പി)13/2012/പി.ഡബ്ല്യു.ഡി കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2112-1 പ്രകാരം കരാറിൽ വ്യവസ്ഥ ചെയ്ത സമയത്തിൽ തന്നെ മരാമത്ത് പൂർത്തീകരിക്കേണ്ടത് കരാറുകാരുടെ ഉത്തരവാദിത്തമാണ്. എന്നാൽ പൂർത്തീകരണ കാലാവധി പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവ് മൂലം ദീർഘിപ്പിക്കേണ്ട ഘട്ടത്തിൽ പിഴ ഈടാക്കി ദീർഘിപ്പിക്കാം. പക്ഷേ ഇക്കാര്യത്തിന് എ.ഇ മുഖേന അപേക്ഷിക്കേണ്ടതുണ്ട്. ആദ്യതവണ ദീർഘിപ്പിക്കുന്നതിന് PAC തുകയുടെ 1 ശതമാനവും ആദ്യതവണക്കു ശേഷം 2 ശതമാനവും ആണ് പിഴ ഈടാക്കേണ്ടത്. മാന്വൽ സെക്ഷൻ 2112 പ്രകാരം ഒറ്റത്തവണയുള്ള ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 25 ശതമാനത്തിൽ അധികരിക്കാൻ പാടില്ല. പരമാവധി ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 50 ശതമാനത്തിൽ അധികരിക്കാനും പാടില്ല. സെക്ഷൻ 2005 പ്രകാരം Site കൈമാറുന്ന തിയ്യതി മുതൽക്കാണ് പൂർത്തീകരണ കാലാവധി കണക്കാക്കേണ്ടത്. മേൽപ്രവൃത്തികളുടെ കാലയളവ് ആകെ പൂർത്തീകരണസമയത്തിന്റെ 50% ത്തിലും അധികമായതിനാൽ പിഴ ഈടാക്കാതെ ഫൈനൽ ബിൽ അനുവദിച്ചതിന് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് മറുപടി ലഭ്യമല്ല. 63828/- രൂപ ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

3-3 പി.എച്ച്.സി .കണ്ടിജന്റ് ചെലവുകൾ- പ്രൊജക്ട് പ്രകാരം കണ്ടിജന്റ് ചെലവുകൾക്ക് ആവശ്യത്തിൽ കൂടുതൽ തുക പിൻവലിച്ചു.

പ്രൊജക്ട് നമ്പർ - 171/21

വകയിരുത്തിയ തുക - 75000

ചെലവുതുക - 74980

പ്രൊജക്ട് പ്രകാരം പി.എച്ച്.സിയിലെ കണ്ടിജന്റ് ചെലവുകൾക്ക് ആവശ്യമായ തുക പിൻവലിച്ചത് പരിശോധിച്ചതിൽ 1.1.21 ൽ ലഭ്യമായ ഡിമാന്റ് നോട്ടീസിന്റെ അടിസ്ഥാനത്തിൽ കറന്റ് ചാർജിനത്തിൽ 28119 രൂപ 21.1.21ൽ എച്ച്.എം.സി ഫണ്ടിൽ നിന്നും അടവാക്കുകയും ആയത് റീക്കുപ്പ് ചെയ്യുന്നതിനായി 20.2.21ന് 4219(Order No 285/20.2.21) രൂപയും, 24.3.21ന് 25000 (Order No 285/24.3.21) രൂപയും പ്രൊജക്ട് പ്രകാരം പിൻവലിച്ചിട്ടുണ്ട്. 28119 രൂപ മേൽ ആവശ്യത്തിനായി പിൻവലിക്കേണ്ടതിന് പകരം 29219 രൂപ പിൻവലിച്ചത് വഴി 1100 രൂപ ആവശ്യത്തിൽ അധികം പ്രൊജക്റ്റിൽ നിന്നും ചെലവഴിച്ചിരിക്കയാണ്. അപാകതക്ക് കാരണം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം പിൻവലിച്ച 1100 രൂപ തിരികെ അടവാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2020-21 | 21.06.2022- 29.06.2022 | ഈ റിപ്പോർട്ടിനോടൊപ്പം പുറപ്പെടുവിച്ചു |

4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2020-21 | 150000 | നെൽകൃഷി വികസനം 8/21 | 150000 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 33000 | സുഫലം ഫലവൃക്ഷത്തൈ വിതരണം 14/21 | 33000 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 115000 | സുഭിക്ഷ കേരളം പോത്ത് കുട്ടി വളർത്തൽ | 115000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | 293/21 | | |
| ജില്ലാ പഞ്ചായത്ത് | 2020-21 | 3500000 | ലൈഫ് ഭവന പദ്ധതി (പട്ടിക ജാതി) 3/21 | 3500000 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 500000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് 80/21 | 500000 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 178500 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് 301/21 | 178500 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 235615 | ലൈഫ് ഭവന പദ്ധതി (പട്ടിക ജാതി) 9/21 | 235615 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 100000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി 182/21 | 100000 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 100000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി 34/21 | 100000 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 260000 | ആശ്രയ ഭവന നിർമ്മാണം 308/21 | 260000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 125000 | നെൽകൃഷി വികസനം 8/21 | 125000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 760000 | ലൈഫ് ഭവന പദ്ധതി (പട്ടിക ജാതി) 3/21 | 760000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 680000 | ലൈഫ് ഭവന പദ്ധതി (പട്ടിക ജാതി) 250/21 | 680000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 500000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 500000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | 80/21 | | |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 150000 | അങ്കണവാടി പോഷകാഹാര പദ്ധതി 79/21 | 150000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 200000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി 34/21 | 200000 | 0 |

4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ

ഇല്ല.

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരങ്ങൾ

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | തൻ വർഷം എടുത്ത വായ്പ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | സ.ഉ (എം.എസ്) 68/2018. ത.സ്വ.ഭ.വ തീയതി- 18/08/2018 | 0 | 14221462 | 1830157 | 0 | 12391305 |

4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 1761607 |
| തൻവർഷം നിക്ഷേപിച്ച തുക | 78957 |
| ആകെ | 1840564 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1840564 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/ പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തിയ്യതി | തുക |
|---|---|---|---|
| 1 | കോഴിക്കോട് ഡിസ്ട്രിക്റ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക്, കക്കോടി ശാഖ | 16/11/2020 | 386104 |
| 2 | കോഴിക്കോട് ഡിസ്ട്രിക്റ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക്, കക്കോടി ശാഖ | 03/12/2020 | 885608 |
| 3 | കോഴിക്കോട് ഡിസ്ട്രിക്റ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക്, കക്കോടി ശാഖ | 16/11/2020 | 568852 |
| ആകെ | | | 1840564 |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 Plan Fund AR | 12 | 2003-04 | 11.13.5.15 (പൊതു പരാമർശം) | മൈത്രി ഭവന പദ്ധതി | സമിതിയുടെ പരിഗണനയിൽ |
| 1999-00 | - | 2004-05 | 11.1.3.33 (പൊതു പരാമർശം) | നികുതി പിരിവിൽ അലംഭാവം | സമിതിയുടെ പരിഗണനയിൽ |

| | | | | | |
|---|---|---|---|---|---|
| 2000-01 | - | 2004-05 | 11.1.3.36 (പൊതു പരാമർശം) | നികുതി പിരിവിൽ അലംഭാവം | സമിതിയുടെ പരിഗണനയിൽ |
| 2005-06 | 3-8 | 2008-09 | 3.6.2 | കൊപ്ര ഡ്രയർ മില്ലിംഗ് യൂണിറ്റ് സ്ഥാപിക്കൽ | സമിതിയുടെ പരിഗണനയിൽ |
| 2014-15 | 2-2 | 2016-17 | അനുബന്ധം 4 | തൊഴിൽ നികുതി അപാകതകൾ | സമിതിയുടെ പരിഗണനയിൽ |
| 2015-16 | 2-2 | 2016-17 | അനുബന്ധം 5 | തൊഴിൽ നികുതി അപാകതകൾ | സമിതിയുടെ പരിഗണനയിൽ |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല.

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 97959775 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 94614299 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ | 68447 |

| | |
|---|---|
| അംഗീകരിക്കാത്ത തുക | |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 412148 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 3519 | ശ്രീമതി. ഗംഗാഭായ്. കെ.ടി<br>അസിസ്റ്റന്റ് സെക്രട്ടറി |
| 3-2 | | 63828 | ശ്രീമതി. ദീപ്തി.ഇ.കെ<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-3 | | 1100 | ഡോ. നിത്യ കെ എസ്<br>മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 242703 | ശ്രീ. വിനീഷ്<br>വെറ്ററിനറി സർജൻ |
| 1-17 | 24445 | ശ്രീ. ജോയ് കുമാർ.വി<br>സെക്രട്ടറി |
| 1-18 | 145000 | ശ്രീമതി. ഗംഗാഭായ്.കെ.ടി<br>അസിസ്റ്റന്റ് സെക്രട്ടറി |
| ആകെ | 412148 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപ നങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

-ഇല്ല-

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

-ഇല്ല-

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായ വരുടെ പേരും സ്ഥിരം മേൽവിലാസവും

| ക്രമ നമ്പർ | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1 | ശ്രീ. ജോയ് കുമാർ.വി സെക്രട്ടറി | സെക്രട്ടറി, ചേളന്നൂർ ഗ്രാമപഞ്ചായത്ത് | ഗോപിക, Opposite എസ്.എൻ.ജി കോളേജ്, 8/4, ചേളന്നൂർ |
| 2 | ശ്രീമതി. ദീപ്തി.ഇ.കെ അസി. എഞ്ചിനിയർ | അസി. എഞ്ചിനിയർ ചേളന്നൂർ ഗ്രാമപഞ്ചായത്ത് | രമണിക വീട്, വിരുത്തിശ്ശേരി വയലിൽ, പുതിയങ്ങാടി പി.ഒ, 673010 |
| 3 | ശ്രീമതി. ഗംഗാഭായ്.കെ.ടി അസി. സെക്രട്ടറി | വിരമിച്ചു | കിഴക്കേ അരീക്കര, പാറന്നൂർ പി.ഒ, നരിക്കുനി |
| 4 | ഡോ. നിത്യ കെ എസ് മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) ചേളന്നൂർ ഗ്രാമപഞ്ചായത്ത് | അഞ്ജലി വീട്, ബാലുശ്ശേരി മുക്ക്, നന്മണ്ട പി.ഒ, 6736613 |
| 5 | ശ്രീ. വിനീഷ് വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ ചേളന്നൂർ ഗ്രാമപഞ്ചായത്ത് | ശ്രീപദം, മക്കട പി.ഒ, കക്കോടി |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് | ഈ വകുപ്പിൽ നിന്നും | തീർപ്പാക്കാൻ | ഖണ്ഡിക |
|---|---|---|---|

| വർഷം | പുറപ്പെട്ടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | കളുടെ വിശദാംശ ങ്ങൾ |
|---|---|---|---|
| 1998-99 | കെ.എസ്.എ.കെ.കെ.ഡി.പി3/ 1081/ 2019(1) തീ-28.08.2020 | 1 | 30 |
| 1999-00 (ഡി.സി.ബി | കെ.എസ്.എ.കെ.കെ.ഡി.പി.2/ 1486/ 05(3) തീയതി 01.09.2011 | 4 | 2, 3, 10, 11 |
| 1999-00 (പ്ലാൻ) | എൽ.എഫ്.കെ.കെ.ഡി.എസ്1/ 895/ 03/02.01.2004 | 5 | 6, 7, 8, 9(A), (B), 10 |
| 2000-01 (ഡി.സി.ബി | എൽ.എഫ്.കെ.കെ.ഡി.പി2/ 988/ 04/12.11.04 | 1 | 10 |
| 2000-01(പ്ലാൻ) | കെ.എസ്.എ.കെ.കെ.ഡി.പി3/ 1081/2019(9) തീ-28.09.2020 | 3 | 12, 14, 15 |
| 2001-02 (ഡി.സി.ബി) | കെ.എസ്.എ.കെ.കെ.ഡി.പി3/ 1081/2019(2) തീ-28.09.2020 | 3 | 2-8, 3-5, 3-9 |
| 2001-02 (പ്ലാൻ) | കെ.എസ്.എ.കെ.കെ.ഡി.പി3/ 1081/2019(3) തീ-28.08.2020 | 4 | 7, 8എ, 8ബി, 11 |
| 2002-03 | കെ.എസ്.എ.കെ.കെ.ഡി.പി3/ 1081/2019(4) തീ-26.08.2020 | 6 | 3-4, 3-10, 3-11, 3-12, 3-14,3-15 |
| 2004-05 | കെ.എസ്.എ.കെ.കെ.ഡി.പി3/ 1081/2019(6) തീ-25.08.2020 | 1 | 3-5 |
| 2005-06 | എൽ.എഫ്.കെ.കെ.ഡി.പി2/ 1452/ 09/6.11/09 | 30 | 2-6, 2-7, 2-8 (ബി), 2-9,2-10,2-11, 2-12, 3-1, 3-2, 3-3, 3-4, 3-5, |

| | | | |
|---|---|---|---|
| | | | 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15, 3-16, 3-17, 3-18, 3-19, 3-20, 3-21, 3-22, 3-23 |
| 2006-07 | കെ.എസ്.എ.കെ.കെ.ഡി.പി3/ 1081/2019(3) തീ-27.10.2020 | 17 | 2-8, 2-10, 2-11, 2-12, 3-1, 3-2, 3-3, 3-5, 3-6, 3-8, 3-9, 3-10, 3-11(1,2,3), 3-12, 3-15, 3-16, 3-19 |
| 2007-08 | കെ.എസ്.എ.കെ.കെ.ഡി.പി3/ 1081/2019(8) തീ-27.10.2020 | 15 | 3-2, 3-3, 3-4, 3-5, 3-6, 3-7, 3-7എ, 3-8, 3-8 എ, 3-9, 3-11, 3-12, 3-13, 3-14, 3-17 |
| 2008-09 | കെ.എസ്.എ.കെ.കെ.ഡി.പി3/ 593/2020(1) തീ-29.12.2020 | 22 | 2-6, 2-8എ, 3-1, 3-3, |

| | | | | | |
|---|---|---|---|---|---|
| | | | | 3-4, 3-5,<br>3-6,<br>3-8, 3-11,<br>3-12, 3-13,<br>3-14, 3-15,<br>3-16, 3-19,<br>3-20, 3-21,<br>3-22,<br>3-23, 3-24,<br>3-25, 3-31 | |
| | 2009-10 | എൽ.എഫ്.കെ.കെ.ഡി.പി12/<br>1513/2012 തീ-13.03.2013 | 13 | 2-1, 2-2,<br>3-1,3-3,3-4,<br>3-5, 3-6,<br>3-8,<br>3-9, 3-10,<br>3-11, 3-13,<br>4-3 | |
| | 2010-11 | കെ.എസ്.എ.കെ.കെ.ഡി.പി3/<br>593/2020(2) തീ-10.11.2020 | 3 | 2-5, 3-4,<br>3-5 | |
| | 2011-12<br>&<br>2012-13 | കെ.എസ്.എ.കെ.കെ.ഡി.പി3/<br>593/2020(3) തീ-21.01.2021 | 18 | 2-4, 2-5(1),<br>(1,2,3), 2-5<br>(2)1, 2), 3-1,<br>3-2, 3-3,<br>3-4, 3-6,<br>3-7(1), (2),<br>(5), (6), (7),<br>3-12,<br>4-3, 4-10 | |
| | 2013-14 | കെ.എസ്.എ.കെ.കെ.ഡി.പി3/ | 17 | 2-2, 3-4, | |

| | | | | |
|---|---|---|---|---|
| | & 2014-15 | 593/2020(4) തീ-13.11.2020 | | 3-6, 3-8, 3-10, 3-13 (1,2,3), 3-14 (1,2,3), 3-16, 3-17(1,3), 3-18 (1,2,3), 3-19(2), 3-20, 3-22, 3-23, 3-24, 3-25, 3-27 |
| | 2015-16 | കെ.എസ്.എ.കെ.കെ.ഡി.പി3/ 593/2020(5) തീ-28.10.2020 | 17 | 2-1, 2-2, 2-5, 3-1, 3-2ബി, 3-3, 3-4, 3-4(1), 3-5, 3-6, 3-7, 3-8(1), 3-10, 3-11(1,2), 3-12, 3-13, 3-18 |
| | 2016-17 | കെ.എസ്.എ.കെ.കെ.ഡി.പി3/ 593/2020(6) തീ-10.11.2020 | 18 | 2-1(1), 2-2(3), 2-3, 2-4, 2-5, 3-2, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, |

| | | | |
|---|---|---|---|
| | | | 3-15, 3-16 |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി.പി12/ 491/2019 തീ-13.05.2019 | 22 | 1-12(1), 1-12(2), 1-12(3), 1-12(4), 1-12(5), 2-1(1), 2-2, 2-3, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-11(1), 3-12, 3-13(1), 3-13(2), 3-13(3), 3-14, 4-10 |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി.പി3/ 847/2020 തീ-25.09.2020 | 19 | 1-15 (1,2,3,5,6,7 8,9), 1-7(1,2), 1-8, 1-9, 1-10, 1-11, 1-12, 1-13(5), 1-14, 1-15, 1-19, 1-21, 1-22, 1-25, 1-27, 1-29, 1-34, 1-35, 2-1 |

| | | | |
|---|---|---|---|
| 2019-20 | കെ.എസ്.എ.കെ.കെ.ഡി.പി3/<br>41/2022 തീ-22.01.2022 | 27 | 1-1 മുതൽ<br>1-27 |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,കോഴിക്കോട്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ ചേളന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ ചേളന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്